മസ്ഥിരമല്ലോ മായാപ്രപഞ്ചം നിരൂപിക്കി
(ൽ,
അന്തമില്ലാതെയേവം ചിത്രങ്ങൾ വന്നും
(പോയു-
മന്തരിക്ഷമാം തിരശ്ശീലയിൽ കളിക്കവേ,
മായതൻ മറക്കപ്പുറത്തഹോ, പരാശക്തി-
മായമെന്നിയേ ചന്ദ്രബിംബത്തിലുയരുന്നു
മാമകചക്ഷുസ്സുകളായതു കാണുന്നേരം
'ഓമനേ' തവ മുഖചന്ദ്രനെക്കൊതിക്കുന്നു

## ആ ദിവസവും അസ്തമിച്ചു !!

ദിനകരൻ പശ്ചിമദിക്കിലപ്പോൾ
കനകച്ചാറെങ്ങും തളിച്ചിരുന്നു.
ഗിരിശൃംഗശൃംഖല ദൂരദൂരെ-
ച്ഛീതാംബരത്താൽ തിളങ്ങിനിന്നു.
കിളികുലമാകവെ കൂട്ടുതേടി
കളഗാനം തൂകിപ്പറന്നുപോയി.
ചെറുതോത്തുട്ടുത്തു വടിയുമായി
പറയക്കിടാത്തന്മാർ വീട്ടുതേടി
മധുകരവൃന്ദം സുമങ്ങൾതോറും
മധുതിയിൽപ്പാറിപ്പറന്നു നിന്നു.
മധുപൂർണ്ണമാകും വസന്തകാലം
ഇളയിലില്ലിത്തരം മററു കാലം.
പല്ലവകോമള ബാഹുവൊന്നിൽ
വെള്ളം നിറഞ്ഞൊരു കുംഭവുമായ്

മല്ലാക്ഷി പോകുന്നു, സുന്ദരമായ്
കുംഭവുമീയോഷ തൻെറ കയ്യിൽ
പാറിപ്പറക്കുന്ന വാർമുടിയിൽ
കാർവണ്ടു വീണു നമിച്ചിടുന്നു.
ഇററിററു വീഴും ജലകണങ്ങൾ
മാററു കൂട്ടുന്നിക്കളേബരത്തിൽ
ദിനകരൻപോലും കരങ്ങൾ നീട്ടി
താലോലിച്ചിട്ടുന്നിപ്പെൺകൊടിയെ
ഉദ്യാനഭൂമിയിലെത്തി വേഗം
ഭക്ത്യാനനച്ചു ലതകളെല്ലാം
പിന്നടങ്ങുന്നൊരു കാഴ്ചകണ്ടു
കണ്ണടയങ്ങിപ്പോയി ഭാനുവിനും.

C. V. Mathew,
III Class.

## ആത്മാർത്ഥത

(മണിമംഗലം ജി. ചന്ദ്രശേഖരൻ തമ്പി)
I. U. C.

പരിഭവമില്ലെനിക്കാരോടുമേ
പരമസുനിർമ്മലസ്നേഹമെന്യേ
മമ മനം കാപട്യപൂർണ്ണമല്ലാ

കടിലവിചാരപരിതമല്ലാ
ഉരുതരപൈശാചചിന്താശത-
നികരനിക്ഷിപ്തവുമല്ല തെല്ലും.



അതുമല്ലിതൊക്കയുമാരറിയു-
മറിയുകിൽ തന്നെയാർ വിശ്വസിക്കും ?
പരമാത്ഥം ചൊല്ലുകിൽ ലോകമെന്നേ
പരിഹസിച്ചിട്ടും, ശകാരിച്ചിട്ടും
അവിരതം താൻ കാര്യലബ്ധിക്കായി-
ട്ടലയുവോൻ 'സ്വാത്ഥി'യെന്നോതിടും ഹാ!
ദുരിത സമ്പൂരിത ജീവിതത്തിൽ
പരിണാമമേലും മരുഭൂമിയിൽ
അതിഘോര സന്തപ്ത ദാരിദ്ര്യമാം
കൊട്ടുവെയിൽമദ്ധ്യത്തിൽ നൈരാശ്യമാം
ചുട്ടുവാതം ചുററിയടിച്ചിടവേ,
ഒടരിൻ നടുവിലണഞ്ഞിടവേ
വ്യവസിത പൂർണ്ണനായിട്ടുടൻ ഞാ-

നവിരതം പുഞ്ചിരി തൂകിനില്ക്കും.
വളരൊളി ചിന്നും പുലരിതന്നിൽ
പറവകൾ തൻകളനിസ്വനത്തിൽ
കരിമുകിൽ മാലാ വിഗതമാകും
ശശി തൻെറ പാലൊളിപ്പൂനിലാവിൽ
പരമാനന്ദാമല സ്വർഗ്ഗരംഗ-
തലമതിൽ നൎത്തനം ചെയ്തിട്ടും ഞാൻ
എരിയും പൊരിവെയിൽ തട്ടിടുമ്പോൾ
ഹരിത ദലങ്ങളാൽ നിർമ്മിതമാം
കുസുമിതകുഞ്ജതലത്തിൽ നന്നായ്
മരതകമോഹന ശയ്യയിങ്കൽ
കളിരോലും തൈ മണിക്കാററുമേററി-
ട്ടവികല സന്തോഷമാൻ്ന നില്ക്കും !

## പ്രതീക്ഷ

അന്നൊരു നാളിലാക്കുന്നിൻമുകളിലെ-
യുന്നതമാം സൌധം തന്നിൽ,
കൂട്ടുപിരിയാതെ കൂടെ നടക്കുവോ—
രുത്തമ സഖി തൻ പിന്നിൽ,
വച്ചത്രെയന്നു ഞാൻ ദർശിച്ചതെൻ ചി
(ത്തം
ബന്ധിച്ച 'ശാന്തത' തൻ രൂപം.
അന്നത്രെ 'മാലോകർ' കണ്ടതെൻ ഹൃത്ത
(ടെ
കാളും പ്രേമാഗ്നി തൻ ധൂപം.

× × ×

ഇന്നങ്ങു നിന്നോ ഞാൻ കേൾക്കുന്നിത
(ച്ചോദ്യം
"അന്നത്തെ നിൻ 'ശാന്ത'യെങ്ങ്?"
ഉത്തരമാത്രയിൽ ഞാനും ചോദിച്ചിട്ടും,
"അന്നത്തെ എൻ 'ശാന്ത'യെങ്ങ്?"
ഉത്തരം കിട്ടുവാൻ, ഓമലെ കാണുവാൻ
അപ്പാതവക്കിൽ ഞാനെത്തും.
ആററിൻതിരത്തിലോ, പുഷ്പവനത്തിലോ
എങ്ങാകിലും ഞാൻ കണ്ടെത്തും.
പിന്നിൽ ഞാനുണ്ടെന്നതോരാതെയോമ
(ലാൾ
പ്രേമഗാനങ്ങളുതിക്കും.

മാരുതനായതെൻ സന്നിധൌ ചേക്കു
(മ്പോൾ,
കാതുകൾ രണ്ടും കളിക്കും.
എന്നാലും "ശാന്തേ"യെന്നൊന്നു വിളിക്കു
(വാൻ
ഇന്നോളം ഞാൻ ശ്രമിച്ചില്ല!

× × ×

ജാതിമതഭേദക്കോട്ടകളാകവെ,
തട്ടിയുടച്ചതിൻശേഷം,
'ശാന്ത'യാം ജായയോടൊത്തങ്ങു മേല്ക്കുമേ
(ൽ,
ചേർത്തിടാമുൾക്കാമ്പിൽ തോഷം;
അന്നൊരു നാളിലാക്കാട്ടാറിൻതീരത്തെ
പൂമണം ചേരുന്ന ഭൂവിൽ,
ചിത്തം കുളുപ്പതിനൊത്തൊരു കാന്തിയ-
ത്താരേശൻ തൂകിടും രാവിൽ,
പുഞ്ചിരിച്ചന്ദ്രിക തങ്ങും മുഖദ്യോവിൽ,
ധന്യനായ് ചുംബിക്കും നേരം,
മുന്നം പാടിട്ടുമാറുള്ള ഗാനങ്ങളിൻ
അർത്ഥവും തോന്നിടാം പാരം;
അങ്ങിനെ ജീവിതസാഫല്യം നേടിടാം;
എന്നൊക്കെയാണെൻ പ്രതീക്ഷ.

C. A. Isaac,
Class II.

# ഹൃദയബാഷ്പം

(എ. കെ. സുധാകരൻ)

1

ഇരുളിലെന്നെപ്പിരിഞ്ഞു പോകായ്ക നീ
സുരുചിരോജ്ജ്വലതാരകാ രാജമേ!
കരയുകയാണു നിന്നെയോർത്തിപ്പോഴും
പരമതപ്തമാം മാമക ചിന്തകൾ.
വിജയലക്ഷ്മിയാം നിൻമുഖം കാണുവാൻ
ഭജനലോലനായ് കാത്തിരിക്കുന്നു ഞാൻ.
കവനസുന്ദരം ശൃംഗാരതുന്ദിലം
തവ മനോഹരമന്ദസ്മിതാങ്കുരം!
അവശനായിതാ കേഴുകയാണു ഞാൻ
എവിടെ?—യെങ്ങു നീ?—ജീവിതാനന്ദമേ!
പരമ ശൂന്യമീപ്പാനപാത്രത്തിൽ നീ
പകരുകില്ലയോ പ്രേമാസവം സഖി?

2

ഭരിതവേദനം ഞാനെത്ര കേഴിലും
ധരയിതിൽ കഷ്ടം! മാളില്ല കേൾക്കുവാൻ....
മനുജദൃഷ്ടിക്കഗോചരമാമൊരു
വനതലത്തിൽ വിരിഞ്ഞ പൂവാണു ഞാൻ.
ഉയിരുപൊള്ളിക്കും ദാരിദ്ര്യവീഥിയിൽ
ഉടലെടുത്തു വസിപ്പവനാണു ഞാൻ.......
അവനമിപ്പുസമസ്തസൗഭാഗ്യവും
അനുനിമേഷം ധനത്തിനു മുന്നിലായ്!!
മലിനതക്കൊരു പര്യായമാണു നീ
മദതരളിതമേലാരപ്രപഞ്ചമേ! ......
പരസഹസ്രകം വീരയോധാക്കൾ തൻ
രുധിരബിന്ദുക്കളൂററിക്കുടിച്ചു നീ.
അലറിടുന്നു നീ പിന്നെയും പിന്നെയും
അതിഭയങ്കരം നിൻ തൃഷ്ണയാററുവാൻ!!!
കഠിനശോകം വിഴുങ്ങിലും പിന്നെയും
പിടയുകയാണു ജീവിതമെന്തിനോ?

3

സുലളിതാഭമാം പൂവനവീഥികൾ
പലതുമങ്ങനെ പിന്നിട്ടുപോന്നു ഞാൻ.
നിരവധികം വസന്തസ്മിതങ്ങളെൻ
കരളിനാനന്ദമേകിക്കടന്നുപോയ്.
അനുഭവിച്ചു പലപ്പൊഴുമന്നു ഞാൻ
ശിശിരവായുവിൻ ശീതളചുംബനം.
ചിറകടിച്ചുടിച്ചെത്തുന്നു പിന്നെയും
സുരഭിലോജ്ജ്വലഭൂത സ്മരണകൾ!
അണവതുണ്ടു ഞാൻ ഭാവനയിങ്കലാ-
വിമല സാമ്രാജ്യവൃന്ദാവനങ്ങളിൽ.
അമിതസന്തോഷമേകുന്നിതിപ്പൊഴും
സുമവിരാജിത രാഗലീലാങ്കണം.
വിരഹതപ്തമെൻ ജീവിതവാടിയിൽ
വരുവതെന്നിനിയാ വസന്തോത്സവം?
അവസിതമായൊരക്കാലമൊക്കെയും
അവനിയിങ്കൽ കടംകഥ മാത്രമായ്.
ചലനചിത്രത്തിലെന്നപോൽ കാൺമു (ഞാൻ
ചിലനിമേഷമാ ഭൂതാനുഭൂതികൾ! ...........

4

കടലിരമ്പുന്നു ഗർജ്ജിപ്പു വാനിടം
ഇടറിയോടുന്നു കൊള്ളിമീനെപ്പൊഴും.
ചകിതമെന്മനം കേഴുന്നു വ്യർത്ഥമായ്
ചരമവസ്ത്രം വിരിക്കു നിശീഥമേ!
ഇനിയൊരിക്കലെൻ ജീവിതവാനിൽ നീ
പ്രണയദീപമേ, ദീപ്തി പൊഴിക്കുമോ?
തകരണം കഷ്ടം! കാലാർണ്ണവത്തിലെ-
ത്തിരകളേററെറൻ ജീവിതബുൽബുദം!
അലമുറിച്ചങ്ങു നീന്തിക്കടക്കുവാൻ
അരുതു മർത്ത്യനീ സംസാരവാരിയിൽ.
ചപലനാടകം, ശോകസമാകുലം
വിഫലമീ ശുഷ്കമാനവ ജീവിതം!!!...........



# പ്രേമാരാധന

K. R. Nair, Class I.

മോഹനചന്ദ്രൻ അന്നു കണികണ്ടതു കമലയെ ആയിരുന്നു. ഏതു സമയവും മന്ദാഹാസാനചിതമായിരുന്ന അവളുടെ വദനസരോജം അന്നു വളരെ ഉത്കണ്ഠാസന്താപപൂരമായ കലന്നും കാണപ്പെട്ടിരുന്നു.

"കമലേ, നിൻെറ അച്ഛനു പനി കുറവുണ്ടോ?" മോഹനൻ അവളോടായി ചോദിച്ചു. കമല ഏങ്ങിയേങ്ങി കരഞ്ഞു. അവളുടെ നീലാരവിന്ദമിഴികളിൽനിന്നും ബാഷ്പകണങ്ങൾ ഉതിർന്നുവീണു? 'എന്താ അച്ഛനു പനി കൂടുതലാണോ" അയാൾ വീണ്ടും ചോദിച്ചു.

"അതേ." തൊണ്ടയിടച്ചയോടുകൂടി അവൾ മറുപടി പറഞ്ഞു.

"അവിട്ടുന്ന് അത്രടം വരെയും...........
........"

അവൾ അർദ്ധോക്തിയിൽ വിരമിച്ചു.

"കമലേ നീ പൊയ്ക്കോളൂ. ഞാൻ വേ
"കമലേ നീ പൊയ്ക്കോളൂ. ഞാൻ വേഗം പോയി ഡാക്ടരെ കൊണ്ടുവരാം." അവൾ അദ്ദേഹത്തെ ഭക്തിപൂർവ്വം നമിച്ചുകൊണ്ട് അച്ഛൻെറ അടുക്കലേക്കു മടങ്ങി. മോഹനചന്ദ്രൻ കാപ്പിപോലും കഴിക്കാതെ ഡാക്ടരുടെ അടുക്കലേക്കു പോയി.

.........................

മുകുന്ദപുരത്തിലെ കുബേരന്മാരിൽ അഗ്രഗണ്യനായ വിജയബാബുവിൻെറ ഏകസന്താനമാണ് മോഹനചന്ദ്രൻ. പിതാവിൻെറ മരണാനന്തരം അനന്തമായ സ്വത്തിൻെറ ഏകാവകാശിയും ഇദ്ദേഹം മാത്രമായിരുന്നു. എന്നാൽ പ്രഭുക്കന്മാരിൽ സാധാരണയായി കണ്ടുവരാറുള്ള അഹങ്കാരപ്രമത്തത ഇദ്ദേഹത്തെ സ്പർശിച്ചിട്ടുപോലും ഉണ്ടായിരുന്നില്ല. ബാല്യത്തിലെതന്നെ സഹജീവികളോട് അതിയായ കാരുണ്യം പ്രകടിപ്പിച്ചുപോന്നു. തൻെറ കുടിയാനവന്മാരെയും വേലക്കാരെയും സ്വന്തം ആളുകളെപ്പോലെ അദ്ദേഹം നിനച്ചിരുന്നു. തൻമൂലം അവർ അദ്ദേഹത്തെ ഈശ്വരതുല്യനായി ഗണിച്ചുപോന്നു.

കമല, അദ്ദേഹത്തിൻെറ കുടിയാനവന്മാരിൽ ഒരാളായ ഗോവിന്ദലാലിൻെറ പുത്രിയാണ്. അവളുടെ മാതാവു ബാല്യത്തിലെ മരിച്ചുപോയിരുന്നു. മോഹനചന്ദ്രൻെറ കാരുണ്യബുദ്ധി ഒന്നുകൊണ്ടു മാത്രമാണ് അവർ ജീവിച്ചുപോന്നത്. നിസ്സീമവും നൈസർഗ്ഗികവുമായ സൌന്ദര്യസാരം അവളിൽനിന്നും വഴിഞ്ഞൊഴുകിയിരുന്നു................

മോഹനചന്ദ്രൻ എത്രയും വേഗത്തിൽ ഡാക്ടരുമായി തിരിച്ചെത്തി. ഓലകൊണ്ടു മറച്ച ഒരു ചെററക്കുടിലായിരുന്നു കമലയുടെ വീട്. പക്ഷെ അതിൻെറ പരിസരപ്രദേശങ്ങൾ ഏററവും ശുചിയായും, പലവിധ സസ്യാദികളാലും, തെങ്ങ്, മാവ്, പ്ലാവ് ആദിയായ തരുവൃന്ദങ്ങളാലും മനോഹരമായി അലങ്കരിക്കപ്പെട്ടതായുമിരുന്നു. മറുവശമുള്ള നദീഭാഗത്തുനിന്നും ശീതളവായു ഏതു സമയവും സ്വച്ഛന്ദം വിഹരിച്ചിരുന്നു.

കമല പിതാവിൻെറ അടുക്കൽ ഇരുന്നു തപ്തമായ കണ്ണീർകണങ്ങൾ പൊഴിച്ചു. മോഹനനേയും അപരിചിതനേയും കണ്ടു അവൾ ഒരു കോണിലേക്കു മാറി. ഡാക്ടർ രോഗിയെ സശ്രദ്ധം പരിശോധിച്ചു. പക്ഷെ ആ സാധുമനുഷ്യന് ഇനി വൈദ്യസഹായമൊന്നും ആവശ്യമില്ലായിരുന്നു. കഷ്ടം! എത്രയോ മുമ്പ് അയാൾ മരിച്ചുകഴിഞ്ഞിരിക്കുന്നു.

കമല അപ്പോഴും തൻെറ പിതാവിനെ

ആശാജനകമായ വിധത്തിൽ വീക്ഷിച്ചുകൊണ്ടു നിന്നിരുന്നു. പാവം, അവൾ ഇതൊന്നും അറിഞ്ഞിരുന്നതേയില്ല.

"കമലേ, നിന്റെ പിതാവു സ്വർഗ്ഗാരൂഢനായിക്കഴിഞ്ഞു. അയാളുടെ ആത്മവിശ്രാന്തിക്കായി നീ ശ്രമിക്കൂ." മോഹനചന്ദ്രൻ അവളോടു വളരെ ശാന്തസ്വരത്തിൽ പറഞ്ഞു.

പാവം! അവൾക്ക് അപ്പോഴാണ് കാര്യം മനസ്സിലായതു്. പിതാവിന്റെ മൃതശരീരം കെട്ടിപ്പിടിച്ചുകൊണ്ടു് അവൾ ദിനദിനം വിലപിച്ചു. മോഹനചന്ദ്രന്റെ ആജ്ഞപ്രകാരം ആ മൃതശരീരം യഥാവിധി സംസ്കരിക്കപ്പെട്ടു.

കമല അപ്പോഴും ആ വെറുംതറയിൽ വീണുകിടന്നു കരഞ്ഞുകൊണ്ടിരുന്നു. മുഖകമലത്തിലഴിഞ്ഞുവീണ അവളുടെ മൃദുലകുന്തൽ കണ്ണുനീർത്തുള്ളികളാൽ നനഞ്ഞു; കോമളശരീരം പൂഴി പുരണ്ടു.

അവളുടെ ദയനീയാവസ്ഥ കണ്ടു മോഹനചന്ദ്രന്റെ നയനങ്ങളിൽ ജലകണങ്ങൾ കെട്ടിപ്പെരുകി. അവളെ ആ ഏകാന്തമായ സ്ഥലത്തു തള്ളിയേച്ചു പോകുന്നതിന് അയാൾക്കു മനസ്സു വന്നില്ല.

"കമലെ, കരഞ്ഞതുമതി. നീ ഇനിയും ഇവിടെ നിരാശ്രയായി താമസിക്കേണ്ട ആവശ്യമില്ല. വരൂ, നമുക്കു വീട്ടിലേക്കു പോകാം."

ഏതോ ഒരു ആത്മനിയന്ത്രണത്താൽ കമല ആ ആജ്ഞ മനസാ വരിച്ചു.

## II

ധവളകോമളനായ പൂർണ്ണചന്ദ്രൻ അതിനു ശേഷം പത്തോ പന്ത്രണ്ടോ പ്രാവശ്യം പ്രത്യക്ഷനായി കഴിഞ്ഞിട്ടുണ്ടു്. ബാലാർക്കന്റെ കിരണകന്ദളത്തിൽ വികസിതമാകുന്ന കമലമുകുളംപോലെ താരുണ്യഭാനുമാന്റെ കാന്തിപൂരത്താൽ കമല അനുദിനം ഏവരുടേയും മനോഹാരിണിയായി വളർന്നുവന്നിരുന്നു. നിർമ്മലമായ അവളുടെ സ്വഭാവവിശേഷത്താൽ ഏവരും അവളെ അത്യന്തം സ്നേഹിച്ചിരുന്നു. മോഹനന്റെ കുടുംബത്തിലെ ഒരു അംഗം എന്ന നിലയിലാണ് അവൾ അവിടെ വർത്തിച്ചിരുന്നതു്.

അവളെ കാണുമ്പോളെല്ലാം മോഹനചന്ദ്രന്റെ ഹൃദയത്തിൽ അജ്ഞാതമായ ഒരു ആനന്ദം അങ്കുരിച്ചിരുന്നു. അതിന്റെ സൂക്ഷ്മകാരണം എന്താണെന്ന് അയാൾ ആരാഞ്ഞുനോക്കിയിരുന്നില്ല. അതു പ്രേമകിരണന്റെ നിഴൽവീശൽ തന്നെയായിരുന്നില്ലേ? എന്തോ അയാൾക്കു തന്നെ അതു് അറിയാൻ പാടില്ലായിരുന്നു. പക്ഷേ അയാൾ മനഃപൂർവ്വം കമലയെ ഒരിക്കലും കാണാൻ ആശിച്ചിരുന്നതേയില്ല.

കുറേനാളായി കമലയുടെ മുഖത്തും ഒരു മ്ലാനതയുടെ ഛായ നിഴലിച്ചുകാണാമായിരുന്നു. അതു പിതൃവിയോഗംകൊണ്ടു സംഭവിച്ചതായിരുന്നിരിക്കാമോ? എന്നാൽ അതു് അനുദിനം വർദ്ധിച്ചുവരുന്നതിന്റെ കാരണം? എന്തോ സുസൂക്ഷ്മമായി അവളും ഒന്നും അറിഞ്ഞിരുന്നില്ല.

കമലയെ തന്റെ പുത്രവധുവാക്കിത്തീർക്കണമെന്നു മോഹനചന്ദ്രന്റെ മാതാവു പലപ്പോഴും ചിന്തിച്ചിരുന്നു. പക്ഷേ ദൃഢചിത്തനായ പുത്രന്റെ അഭിപ്രായം അറിയാതെ മാത്രമേ അവർ കുഴങ്ങിയുള്ളു. തന്റെ പുത്രനോടുള്ള സ്നേഹവർഷത്തെ അവർ കമലയിലും നിർബ്ബാധം ചൊരിഞ്ഞിരുന്നു. കമലയാകട്ടെ അവരെ സ്വമാതാവിനു തുല്യവും പരിചരിച്ചിരുന്നു.

ഒരുദിവസം മോഹനന്റെ അമ്മ, കമല ഇല്ലാത്ത അവസരത്തിൽ മകനോടു സ്വന്തം അഭിപ്രായം തുറന്നു പറഞ്ഞു.



മാതാ—"മോഹൻ, കമലയെപ്പോലെ ഒരു പെൺകുട്ടിയെ കാണാൻ പ്രയാസമാണു്. എന്തു നല്ല സ്വഭാവം? എന്തു സൌന്ദര്യം!!"

മോഹ—"അതേ അമ്മേ. ഒരു സാധു പെൺകുട്ടി." ഒരു അശ്രദ്ധനെന്നോണം അയാൾ ഉത്തരം പറഞ്ഞു.

മാതാ—അവൾക്കു നിന്നെ എന്തു സ്നേഹമാണെന്നറിയാമോ? എത്ര വേലക്കാരുണ്ടെങ്കിലും അവൾ തന്നത്താനാണ് നിന്റെ മുറിയും മറ്റും അലങ്കരിക്കുന്നതു്. ഞാൻ പലപ്രാവശ്യവും വിലക്കിയിട്ടുണ്ടു്. പക്ഷേ ആരു കേൾക്കുന്നു."

മോഹനചന്ദ്രൻ അമ്മ പറയുന്നതൊന്നും കേൾക്കാത്ത മട്ടിൽ കയ്യിലിരുന്നിരുന്ന പുസ്തകത്തിൽ തന്നെ നോക്കിക്കൊണ്ടു നിന്നിരുന്നു.

മാതാ—മോഹൻ, ഞാൻ പറയുന്നതു നീ കേൾക്കുന്നില്ലായിരിക്കാം. അവളെ എന്നും ഇവിടെ താമസിപ്പിച്ചാൽ കൊള്ളാമെന്നു് എനിക്കു് ആശയുണ്ടു്.

മോഹ—കൊള്ളാം, അമ്മയുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൂടെ?

മാതാ—അതേ, ഒരു പെൺകുട്ടിയെ അവിവാഹിതയായി എത്രനാൾ വച്ചുകൊണ്ടിരിക്കും.

മോഹ—അല്ലാ അമ്മ തന്നെയല്ലേ ഇതു രണ്ടും പറയുന്നതു്. എനിക്കൊന്നും അറിഞ്ഞുകൂടാ.

സംഭാഷണത്തെ ദീർഘിപ്പിക്കാതെ അമ്മയുടെ മുമ്പിൽനിന്നും അയാൾ വേഗം പൊയ്ക്കഴിഞ്ഞു. അമ്മ, മകന്റെ സംഭാഷണത്തിൽനിന്നും സ്വല്പം നിരാശപ്പെടാതിരുന്നില്ല.

അടുത്ത മുറിയിൽ ഉണ്ടായിരുന്ന കമല ഇതെല്ലാം കേട്ടിരുന്നു. ഈ സംഭാഷണം അവൾക്കു മർമ്മഭേദകമായിത്തോന്നി. അതു കേൾക്കാതിരുന്നെങ്കിൽ തന്റെ മനോരാജ്യത്തിനെങ്കിലും സ്ഥാനമുള്ളതായി അവൾ വിചാരിച്ചു. കൺപോളകളിൽ കെട്ടിപ്പെരുകിയിരുന്ന നേത്രബിന്ദുക്കൾ സാരിത്തുമ്പാൽ തുടച്ചുകളഞ്ഞു. അവൾ എത്രയും വേഗത്തിൽ ആരും കാണാതെ തന്റെ മനോരഥത്തെ നിയന്ത്രിക്കുവാൻ ശ്രമിക്കാതിരുന്നില്ല..........

## III

സായാഹ്നവേളയിലെ മന്ദമാരുതൻ സോല്ലാസമായി വീശിയിരുന്നു. കമല പിതാവിന്റെ ശ്മശാനസ്ഥലത്തു ചെന്നു് ഊഷ്മളബാഷ്പകണങ്ങളെ പൊഴിച്ചുകൊണ്ടിരിക്കയാണ്.

അസ്തമയസൂര്യന്റെ പൊൻകതിർ നികരങ്ങൾ അവളെ സാവധാനം തലോടിക്കൊണ്ടിരുന്നു. കേളീലോലുപനായ ശീതളവായു അവളുടെ അളകനിരകളേയും വസ്ത്രാഞ്ചലത്തേയും മെല്ലെ മെല്ലെ ഇളക്കിക്കളിച്ചു രസിച്ചുകൊണ്ടിരുന്നു.

വനസരിത്തുപോലെ കപോലങ്ങളിൽകൂടി ഒലിച്ചു ചാടിക്കൊണ്ടിരുന്ന കണ്ണീർക്കണങ്ങൾ അവളുടെ ഉത്തരീയത്തെ നനക്കാതിരുന്നില്ല. പക്ഷികുലങ്ങൾ വൃക്ഷശിഖരങ്ങളിൽ ഇരുന്നുകൊണ്ടു മൃദുലനിസ്വനത്തിൽ അനുശോചനഗാനങ്ങൾ ആലപിച്ചു.

ലോകബാന്ധവൻ അവളോടു യാത്രയും ചൊല്ലി സാഗരമദ്ധ്യത്തിൽ ആണ്ടു. കമല അപ്പോഴും അവിടെ വിചാരമഗ്നയായി സ്ഥിതി ചെയ്തിരുന്നു.

"കമലേ, നിനക്കിവിടെ തനിയെ ഇരിക്കുവാൻ പേടിയാവുകയില്ലേ?" ആഗതനായ മോഹനചന്ദ്രനെക്കണ്ടു് അവൾ അവിടെനിന്നു എഴുന്നേറ്റു.

"പേടിയോ? എന്റെ പിതാവിന്റെ

അടുക്കൽ ഇരിക്കുന്നതിനു എനിക്കു പേടിക്കണമോ?" അവളുടെ നീലോല്പലനയനങ്ങൾ ബാഷ്പപൂരിതമായി.

മോഹ—കമലേ നിന്റെ അടുക്കൽ ഒരു കാര്യം പറയാനാണു ഞാൻ വന്നത്.

അവൾ സശ്രദ്ധയായി മോഹനന്റെ ആകർഷകങ്ങളായ നയനങ്ങളിൽ തന്നെ നോക്കിക്കൊണ്ടു നിന്നു.

"കമലേ, നിന്നെ ഇവിടെ അവിവാഹിതയായി വച്ചുകൊണ്ടിരിക്കുന്നതു യുക്തമാണോ?" അവൾ അഞ്ജലിബന്ധത്തോടുകൂടി കാൽനഖങ്ങൾ എണ്ണിക്കൊണ്ടു നിന്നിരുന്നു.

"അതുകൊണ്ടു നിന്റെ വിവാഹം ഇനിയും നീട്ടുന്നില്ല. മാന്യനും അനുരൂപനുമായ ഒരു വരനെ നിനക്കു തിരഞ്ഞെടുത്തിട്ടുണ്ട്."

അവളുടെ ദേഹമാസകലം കോൾമയിർക്കൊണ്ടു. ലോകമാസകലം തന്റെ കൺമുമ്പിൽ ഭ്രമണം ചെയ്യുന്നതായി അവൾക്കു തോന്നി. എന്തെങ്കിലും പറയുന്നതിനു അവളുടെ നാവു പൊങ്ങിയില്ല. ദയനീയമായി അവൾ അദ്ദേഹത്തിന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. സുപ്രസന്നമായ ആ മുഖത്തു വിളങ്ങിയിരുന്ന കാര്യഗൗരവം അവൾ മനസ്സിലാക്കി. ഒന്നും പറയുവാൻ ശക്തയാകാതെ അവൾ അവിടെനിന്നും പ്രയാണം ചെയ്തു.

മോഹനനും സ്വല്പമൊരു അസ്വാസ്ഥ്യം ഉണ്ടാകാതിരുന്നില്ല. അയാളുടെ ചിത്തരംഗത്തിൽ സ്വല്പസമയത്തേക്കു ഒരു വികാരത്തിരതല്ലൽ ഉൽഭൂതമായി. കമലയുടെ അന്തർഗ്ഗതം എന്താണെന്നു അയാൾക്കു ഏതാണ്ടു ഊഹിക്കാൻ സാധിച്ചു. "അവൾ എന്നിൽ അനുരക്തയോ? ഇല്ല, സ്വസുഖത്തിനുവേണ്ടി ഞാൻ ആരുടേയും ആത്മശാന്തിയെ ബലികഴിക്കുകയില്ല."

അയാൾ തന്നത്താൻ പുലമ്പി. ചിന്നിച്ചിതറിയ ചിത്തവുമായി അയാളും വീട്ടിലേക്കു മടങ്ങി.

## IV

ദിവസങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. ഈ ദിവസങ്ങളിൽ കമലയും മോഹനചന്ദ്രനും പരസ്പരം കാണുകപോലും ചെയ്തിട്ടില്ല. രണ്ടുപേർക്കും ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞു പോകുന്നതായിട്ടാണ് തോന്നിയിരുന്നത്. മോഹനചന്ദ്രൻ തന്റെ ഹൃദയാസ്വാസ്ഥ്യത്തെ കഴിയുന്നത്ര ഗോപനം ചെയ്യാൻ ശ്രമിച്ചിരുന്നു.

കമലയുടെ സ്ഥിതിയാണു ഏററവും ശോചനീയമായിത്തീർന്നിരുന്നത്.

"ഒട്ടി ഹന്ത! കവിൾത്തടം;
കുചമതിൻ കാഠിന്യമസ്പഷ്ടമായ്;
തട്ടി വാട്ടമരക്കു; തോളുകൾ
തുലോം താഴ്ന്നു; വിളർത്തുനിറം.
കോട്ടം മന്മഥനാലണഞ്ഞിട്ടു
കിലും തന്വംഗിരമ്യാംഗി താൻ
കോടക്കാററടിയേററു വെള്ളില
കൊഴിഞ്ഞിട്ടുള്ള വാസന്തിപോൽ."

എന്നു വർണ്ണിച്ചിട്ടുള്ളതു കമലയെപ്പററിയാണോയെന്നു തോന്നിപ്പോകും. ഏതു സമയവും ചിന്താധീനയായ അവൾ ഏകാന്തതയെ ഭജിച്ചിരുന്നു.

തന്റെ അഭിലാഷം അസ്ഥാനത്തിലാണെന്നു അവൾ ദൃഢമായി വിശ്വസിച്ചു. അതു ആലോചിക്കുംതോറും 'അവളുടെ ലോലമനസ്സു വാടിത്തളർന്നു പോയിരുന്നു.

തന്റെ പ്രണയപ്രാർത്ഥന അദ്ദേഹത്തിന്റെ സന്നിധിയിൽ അർപ്പിക്കുവാൻ അവൾ പലപ്പോഴും ആശിച്ചു. പക്ഷെ അദ്ദേഹത്തിന്റെ കാരുണ്യത്താൽ മാത്രം ജീവിക്കുന്ന അവൾക്ക്, പരിപാവനമായ ആ പ്രേമത്തിന് അർഹതയുണ്ടോ? അ



വൾ അതു കാരണം നന്നാ ഭയപ്പെട്ടു.

മോഹനചന്ദ്രൻ വാസ്തവത്തിൽ കമലയിൽ അനുരക്തനായിരുന്നു. എന്നാൽ കമല തന്നെ സ്നേഹിക്കുന്നുണ്ടോ എന്നു അയാൾക്കു അറിയാൻ പാടില്ലായിരുന്നു. സ്വസുഖത്തിനു വേണ്ടി അന്യരുടെ ആത്മവിശ്രാന്തിയെ ഭഞ്ജിക്കുവാൻ അയാൾ ആശിച്ചിരുന്നില്ല. പരസ്പരാനുരാഗബദ്ധരായ ആ യുവതിയുവാക്കന്മാർ വാസ്തവം അറിയാതെ വളരെ കഷ്ടപ്പെട്ടുകൊണ്ടിരുന്നു............ ...ബാലാർക്കന്റെ കനകബിംബം ഉദയാംബരത്തിൽ കുങ്കുമച്ചാർത്തു ചാർത്തിയിരുന്നു. ആനന്ദതുന്ദിലരായ ജീവരാശികൾ ഉന്മേഷഭരിതരായി ദിനകൃത്യങ്ങളിൽ ഏർപ്പെട്ടു. പരാഗപൂരിതനായ പ്രഭാതമാരുതൻ സ്വച്ഛന്ദം കളിയാടിയിരുന്നു.

പ്രഭാതസവാരിയും കഴിഞ്ഞു തിരിച്ചുവന്ന മോഹനചന്ദ്രനു തന്റെ മുറിയിൽ ആരോ ഉള്ളതായി തോന്നി. അതെ, അതു കമല തന്നെ. അവൾ അവിടെ എന്തു ചെയ്യുക ആയിരുന്നു.

വികസിതമായ പനിനീർ പൂവുകളാൽ തൊടുത്ത ഒരു മലർമാല തന്റെ ഛായാപടത്തിൽ അണിഞ്ഞിരിക്കുന്നതായി അയാൾ കണ്ടു. അതിനു മുമ്പിൽ അവൾ തൊഴുകൈപ്പൂമൊട്ടുകളോടു കൂടി നിന്നിരുന്നു. അർദ്ധോന്മീലിതങ്ങളായിരുന്ന അവളുടെ കരിംകുവളമിഴികളിൽനിന്നും ചുടുകണ്ണീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. അവൾ വാസ്തവത്തിൽ പ്രേമാരാധന ചെയ്യുക തന്നെയായിരുന്നു.

നവവികസിതമായ ചെന്താമരപ്പൂപോലെ അവളുടെ സൗന്ദര്യകാന്തി തദവസരത്തിൽ വളരെ ശോഭനീയമായിരുന്നു. പ്രാതസ്നാനവും കഴിച്ച്, കണങ്കാൽ വരെ എത്തിയിരുന്ന വേണീഭാരം അഗ്രം മാത്രം ബന്ധിച്ചിട്ടിരുന്നു. അതിനുള്ളിൽ തിരുകിയിരുന്ന ഒന്നു രണ്ടു പനിനീർ പുഷ്പം, നിശാമദ്ധ്യത്തിലെ താരകണങ്ങളെന്നോണം ഭാസിച്ചിരുന്നു. പഞ്ചമി ചന്ദ്രനെ വെല്ലുന്ന ലലാടമദ്ധ്യത്തിലണിഞ്ഞിരുന്ന കുങ്കുമപ്പൊട്ട്, ഉദയാംബരത്തിലെ ബാലരവിബിംബത്തെപ്പോലെ പരിലസിച്ചിരുന്നു. അതി ശുഭ്രമായിരുന്ന മസ്‌ലീൻ സാരി അവളുടെ ദേഹകാന്തിയെ അത്യധികം പരിപുഷ്ടമാക്കി.

മോഹനചന്ദ്രന്റെ ചിത്തവല്ലി സന്തോഷസമീരണനിൽ തുള്ളിക്കളിച്ചു. "അഹോ! എന്തൊരു സൗന്ദര്യം! എന്തു പ്രേമം!!" അയാൾ തന്നത്താൻ പറഞ്ഞുപോയി. തന്റെ മനോരഥത്തിൽ ചിന്തിച്ചു തീർന്നിരുന്ന സ്നേഹവ്യാപ്തിയെ ഗോപനം ചെയ്യാൻ ഇനിയും അയാൾക്കു ത്രാണിയുണ്ടായിരുന്നില്ല.

ആനന്ദപുളകിതനായ അയാൾ സാവധാനം അടുത്തു ചെന്ന്, നീണ്ടു ചുരുണ്ടു കണങ്കാൽ വരെ എത്തിയിരുന്ന അവളുടെ മോഹനകുന്തളിനെ മന്ദം മന്ദം തലോടി. സ്പർശനമാത്രയിൽ കമല ഞെട്ടി തിരിഞ്ഞുനോക്കി. പ്രത്യക്ഷനായ തന്റെ പ്രേമമൂർത്തിയെക്കണ്ട് സന്തോഷ പരിഭ്രമവ്രീളാദികളായ നാനാ വികാരങ്ങളാൽ അവൾ തരളിതഹൃദയയായി.

അവിടെനിന്നും ഓടി രക്ഷപെടുന്നതിനു അവൾ ശ്രമിക്കാതിരുന്നില്ല. പക്ഷെ മൃദുലകോമളമായ അവളുടെ കരവല്ലികളിൽ അയാൾ പിടിച്ചുനിറുത്തി.

"കമലേ, ഇതോ നിന്റെ സേവാമൂർത്തി."

അവൾ ശിരസ്സു നമിച്ചു കാൽനഖങ്ങൾകൊണ്ടു നിലത്തു വരച്ചു. "അതെ, എന്റെ ആത്മരക്ഷകനും, ഹൃദയവല്ലഭനുമായ അവിടുന്നു മാത്രമാണ് എന്റെ പ്രത്യ

ക്ഷദൈവം.” തൊണ്ടയിടച്ചയാൽ അവൾക്കു വാക്കുകൾ പുറപ്പെടാതായി.

മോഹനചന്ദ്രന്റെ ഹൃദയം സന്തോഷംകൊണ്ടു തുളുമ്പി. കണ്ണീർക്കണങ്ങൾ നേത്രങ്ങളിൽനിന്നും ആപതിക്കുവാൻ തുടങ്ങി.

“ഓമനേ, എന്റെ അപരാധം നീ ക്ഷമിക്കുക. നിന്റെ ഹൃദയമറിയാഞ്ഞതുകൊണ്ടാണു ഞാൻ എന്റെ സ്നേഹവ്യാപ്തിയെ ഒളിച്ചുവെച്ചിരുന്നത്. നിന്റെ അനുരാഗ പ്രദീപത്താൽ എന്റെ ജീവിതപന്ഥാവു തെളിഞ്ഞു. ഞാൻ ഇതാ പരമ ഭാഗ്യവാനായി.”

കമലയുടെ ആയതവിലോചനങ്ങൾ സന്തോഷാശ്രുക്കളാൽ പരിപൂരിതമായി. തന്റെ പ്രാണനാഥന്റെ പാദരവിന്ദങ്ങളിൽ അവൾ ഭക്തിപൂർവ്വം നമിച്ചു.

“പ്രഭോ, അവിടുത്തെ പരിപാവനമായ പ്രേമത്തിനു ഈ ഏഴ പാത്രമാണോ!”

അയാൾ ആ നിർമ്മല പ്രേമമൂർത്തിയെ വാരിയെടുത്തു.

---

## ആരുടെ കുററം

ബാംഗളൂർ പട്ടണത്തിൽ ‘ലേഡിസ്സ് ക്ലബ്ബ്’ ഒന്നു സ്ഥാപിച്ചു കഴിഞ്ഞു. അതിന്റെ വാർഷികയോഗങ്ങൾ ഒന്നുരണ്ടു കഴിഞ്ഞിരിക്കുന്നു. ഒട്ടനേകം സ്ത്രീരത്നങ്ങൾ പ്രസ്തുത സ്ഥാപനത്തിന്റെ അംഗങ്ങളായി ചേർന്നു. കേവലം ചില സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നാരീജനങ്ങളുടെ സല്ലാപത്തിനുവേണ്ടി ഉൽഘാടനം ചെയ്യപ്പെട്ട ആ സ്ഥാപനം ഇപ്പോൾ ഒരു വലിയ സംഘടനയായിത്തീർന്നിരിക്കുന്നു.

പ്രഫസർ രാമചന്ദ്രൻ ഒരു പരിഷ്കൃതാശയനാണ്. തന്റെ ഭാര്യയേയും പ്രസ്തുത ക്ലബ്ബിൽ അയയ്ക്കണമെന്നൊരു മോഹം അയാൾക്കില്ലാതില്ല. എന്നാൽ കുലീനയായ തന്റെ പത്നി സ്വഗൃഹം വിട്ടു പുറത്തു പോകുക പതിവില്ലായിരുന്നു. ശരിയായ ഗൃഹഭരണം നടത്തി പോരുവാൻ ശേഷിയും ശേമുഷിയുമുള്ള ആ സ്ത്രീരത്നം, തന്റെ ഭർത്താവിന്റെ സുഖാദികൾക്കായി കാലം കഴിച്ചുപോന്നു. ക്ലബ്ബിൽ പോകണമെന്നു പറഞ്ഞാൽ എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്നു രാമചന്ദ്രനു അപരിചിതമായിരുന്നു.

ഒരു ദിവസം പതിവില്ലാതെ രാമചന്ദ്രൻ ഗൃഹത്തിൽ ഹാജരായതുകൊണ്ട് സന്തോഷചിത്തയായ ‘പത്മ’ ഭർത്താവിന്റെ അരികിൽ ചെന്നു കുശലപ്രശ്നത്തിനുള്ള മുഖവുരകൾ പറഞ്ഞുതുടങ്ങി. എന്നാൽ അതിലൊന്നും അത്ര തൃപ്തി പ്രകടിപ്പിക്കാതെ രാമചന്ദ്രൻ പ്രതിവചനം ചെയ്തു.

രാമ—പത്മാ! നിന്നോടു എത്ര പ്രാവശ്യം പറയണം.

പത്മ—എന്ത് ?

രാമ—ലേഡിസ്സ് ക്ലബ്ബിൽ പോകണമെന്ന്.

പത്മ—ഉത്തമയായ ഒരു സ്ത്രീയുടെ ക്ലബ്ബ് അവളുടെ ഗൃഹം ആണെന്നുള്ളത് അവിടുന്നു വിസ്മരിച്ചുപോയോ !

രാമ—എന്റെ സഹപ്രവർത്തകന്മാരുടെ ഭാര്യമാരും നിന്റെ സഖികളും ക്ലബ്ബിൽ പോകുന്നതു നീ കാണുന്നില്ലേ ?

പത്മ—എന്റെ ക്ലബ്ബ്—എന്റെ വീട്—എന്റെ സുഖം—എന്റെ പ്രിയതമന്റെ സുഖം. ഇതിൽ കൂടുതലൊരു സുഖം ഈ അബലയ്ക്കാവശ്യമില്ല.

രാമ—ശരി. ഉത്തമയായ ഒരു ഭാര്യയുടെ ചുമതല ഭർത്താവിന്റെ ഹിതത്തെ പ്രതികൂലിയ്ക്കു എന്നുള്ളതാണോ ?



പത്മ—ഒരിക്കലും അല്ല. ഞാൻ നാളെ മുതൽ എന്റെ ഭർത്താവിനുവേണ്ടി ക്ലബ്ബിൽ പോകും.

× × ×

ദിവസേനയുള്ള രാമചന്ദ്രന്റെ ‘അലട്ടൽ’കൊണ്ട് പത്മ ക്ലബ്ബിൽ പോകുവാൻ നിശ്ചയിച്ചു. ആദ്യമായി അവൾ സ്വഭർത്തൃസമേതം ക്ലബ്ബിൽ കയറി. അവിടെ അവൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. അവളോടു സംസാരിക്കുന്നതിനു ആരും വരുന്നില്ല. വരുന്നവരെല്ലാം ഇംഗ്ലീഷല്ലാതെ സംസാരിക്കുന്നുമില്ല. അന്നൊരു തരത്തിൽ അവൾ വീട്ടിൽ മടങ്ങിയെത്തി. ഒരു ശിശു പിതൃസന്നിധിയിൽ ആവലാതിപ്പെടുന്നതുപോലെ പത്മ രാമചന്ദ്രനോടു സങ്കടം ബോധിപ്പിച്ചു.

പത്മ—ഇന്നലെ ക്ലബ്ബിൽനിന്നും അതിവേഗം പോയതു നന്നായി.

രാമ—അതിനെന്താ.

പത്മ—ആ ക്ലബ്ബിലെ വിശേഷം വളരെ കേമംതന്നെ. ചില പെണ്ണുങ്ങളുടെ പേക്കൂത്തല്ലാതെ ഞാൻ ഒന്നും കണ്ടില്ല.

രാമ—അതുകൾ ക്രമേണ എന്റെ പത്മത്തിനു കൗതുകമായിത്തീരും.

പത്മ—നല്ല കൗതുകം തന്നെ. അവർ ഇംഗ്ലീഷല്ലാതെ ഒന്നും സംസാരിക്കുന്നില്ല. ഞാൻ ഒരൊഴിഞ്ഞ മൂക്കിൽ പോയി ഇരുന്നു എന്നെ കണ്ടിട്ട് അവരെല്ലാം ഒരു ‘കരടി’യെന്നോണം ഭയന്നു മാറി ഒഴിഞ്ഞു.

× × ×

സ്ഥിതിഗതികൾ മനസ്സിലാക്കിയ പ്രഫസർ പത്മയെ ഇംഗ്ലീഷു പഠിപ്പിക്കുവാൻ ഒരു അദ്ധ്യാപകയെ നിയമിച്ചു. ചുരുങ്ങിയ കാലംകൊണ്ടു പത്മയുടെ സകല അവശതകളും മാറി. ക്ലബ്ബിൽ പോകുന്നതു അവളുടെ ദിനചര്യയായിത്തീർന്നു. പത്മ ‘ടീപാർട്ടികൾക്കും’ ഡിന്നർ പാർട്ടികൾക്കും പോകുവാൻ തുടങ്ങി. രാമചന്ദ്രന്റെ പരിപൂർണ്ണ സമ്മതം ഇതിനെല്ലാത്തിനും ഉണ്ടായിരുന്നു. പരിഷ്കാരത്തിന്റെ നിഴലിപ്പ് പത്മയിൽ ദൃശ്യമായിത്തുടങ്ങി. കൃത്യം ആറു മണിക്കു മുൻപ് ഗൃഹത്തിൽ മടങ്ങിയെത്തുന്ന പത്മ, ഇപ്പോൾ എട്ടും, പത്തും മണി കഴിഞ്ഞിട്ടേ വീട്ടിൽ വരാറുള്ളൂ. ശേഷം ഗൃഹജോലികൾക്കും, കരയുന്ന കുട്ടിക്കും രാമചന്ദ്രൻ തന്നെ ശേഷിച്ചു. ഭാര്യയുടെ ഈ അലക്ഷ്യത കണ്ട് മനം മടുത്ത പ്രഫസർ അവളെ കർക്കശമായി ശാസിക്കുവാൻ തുടങ്ങി. എന്നാൽ ‘സിനിമ’യുടേയും, ‘പാട്ടുകച്ചേരി’യുടേയും പേരിൽ പത്മ ഒഴിവുകഴിവുകൾ പറഞ്ഞുപോന്നു.

അന്നൊരു തിങ്കളാഴ്ചയായിരുന്നു. മണി ആറു കഴിഞ്ഞു കാണും. അദ്ധ്യാപകന്മാർ കാളേജിൽനിന്നു പിരിഞ്ഞു പോയിട്ടില്ല. തത്സമയം ക്ലബ്ബിലെ ഒരു ഭൃത്യൻ വരുന്നതു കണ്ട് രാമചന്ദ്രൻ ആവേശത്തോടുകൂടി, “എന്താ?” എന്നു ചോദിച്ചു പോയി. പ്രത്യുത്തരമായി ഭൃത്യൻ കൊടുത്ത എഴുത്തു അദ്ദേഹം ഇപ്രകാരം വായിച്ചു.

പ്രിയ വല്ലഭാ,

വീട്ടിൽ കുട്ടികൾ മാത്രമേ ഉള്ളൂ. ഞാൻ ഇന്നു മി. ഗോപിനാഥന്റെ ക്ഷണപ്രകാരം അദ്ദേഹത്തിന്റെ അതിഥിയായി പോകുന്നു. അതിനാൽ കഴിയുന്നതും വേഗത്തിൽ ഗൃഹത്തിൽ മടങ്ങിയെത്തണമെന്നപേക്ഷ.

എന്നു
പ്രിയ പത്നി
‘പത്മ’

എഴുത്തു വായിച്ചു തീർന്നയുടനെ മകനു സുഖമില്ല എന്ന വ്യാജവും പറഞ്ഞു പ്രഫസർ കാറിൽ കയറി പുറപ്പെട്ടു. അദ്ദേഹത്തിന്റെ മനോവികാരങ്ങൾ അതിരില്ലാത്തതായിരുന്നു. ആത്മഹത്യക്കുപോലും

രാമചന്ദ്രൻ തുനിഞ്ഞു എന്നു പറയുന്നതിൽ രണ്ടു പക്ഷമുണ്ടോ എന്നു സംശയമാണ്. തന്റെ വിധിയെ പഴിച്ചുകൊണ്ടു ഗൃഹപ്രവേശനം ചെയ്ത രാമചന്ദ്രൻ കരയുന്ന ഓമനപുത്രനെ വാരിയെടുത്തതും, കിടക്കയിലേക്കു മറിഞ്ഞതും ഒരുമിച്ചായിരുന്നു. അടിക്കടി ഉദിച്ചുയൎന്നുകൊണ്ടിരുന്ന മനോവികാരങ്ങളിൽ പ്രഥമസ്ഥാനം വഹിച്ചിരുന്നത് "ഇതാരുടെ കുററമാണ്" എന്നുള്ളതാണ്.

എം. ഹസ്സൻ
ക്ലാസ്സ് II.

---

## സ്നേഹം

സ്നേഹം ദൈവമയമാണ്. സ്നേഹമാണ് ലോകത്തെ ഭരിക്കുന്നത്. ലോകത്തിന്റെ നിലനില്പിനു വേണ്ടി സകല ജീവജാലങ്ങളുടെയും ഹൃദയത്തിൽ നിക്ഷിപ്തമായ ഒരു വികാരമാകുന്നു സ്നേഹം. ഈശ്വരസൃഷ്ടികളിൽവച്ചു സകലവിധേനയും പ്രാധാന്യം മനുഷ്യനായതുകൊണ്ടു മാനുഷഹൃദയത്തിലാണ് ഈ വികാരം പരമകാഷ്ഠയെ പ്രാപിക്കുന്നത്. ഒരു പൂമൊട്ടിനുള്ളിൽ നിക്ഷിപ്തമായ മധുബീജം കാലക്രമേണ വൎദ്ധിച്ച് ആ പ്രസൂനത്തിന്റെ വികാസദശയിൽ മധുപങ്ങൾക്ക് അനുഭവയോഗ്യമാകുന്നതുപോലെ മനുഷ്യഹൃദയസ്ഥമായ ഈ ഗുണം ലോകത്തിന് ഉപയോഗപ്രദമായി പരിണമിക്കുന്നു. സ്നേഹം ഹൃദയത്തിനു നൈൎമ്മല്യവും മാൎദ്ദവവും, സങ്കല്പശക്തിക്കു ദാൎഢ്യവും, സ്വഭാവത്തിനു പരിശുദ്ധിയും പ്രദാനം ചെയ്യുന്ന ഒരു വികാരമാകുന്നു. ഇത് ഒരിക്കലും ക്ഷണഭംഗുരമല്ല. ദശാനുരൂപമായ രൂപാന്തരപ്രാപ്തിയുണ്ടെങ്കിലും വൃദ്ധന്മാരെയും യുവാക്കന്മാരാക്കുന്നതിനുള്ള ശക്തി അതിനുണ്ട്.

സ്നേഹത്തിന് അവൎണ്ണനീയമായ മാഹാത്മ്യമുണ്ട്. സ്നേഹം വികാരങ്ങളെ പരിശുദ്ധമാക്കുകയും, മനസ്സിനാനന്ദവും, ജീവിതത്തിനു സുഖവും നൽകുകയും ചെയ്യുന്നു. ഈ വികാരം പരോപകാരതല്പരതയെ ഉളവാക്കുന്നു. മറെറാരാളിൽ എപ്പോൾ നമുക്കു നിസ്സീമമായ സ്നേഹം തോന്നുന്നുവോ ആ നിമിഷം മുതൽ അയാൾക്കുവേണ്ടി ജീവത്യാഗംപോലും ചെയ്യുന്നതിനു നാം സന്നദ്ധരാകുന്നു. സ്നേഹത്തിനു സ്പൎദ്ധ ഉളവാക്കുന്നതിനും അതിനെ ഉൻമൂലനാശം ചെയ്യുന്നതിനും ശക്തിയുണ്ട്. ലോകത്തിൽ ഇന്നു നാം കാണുന്ന സകലവിധ അനിഷ്ടങ്ങൾക്കും മൂലഹേതുകം സ്നേഹശൂന്യതയാണ്. സ്നേഹത്തിന്റെ മാഹാത്മ്യത്തെ കുമാരനാശാൻ,

"സഹജാമലരാഗമെ മനോ-
ഗൃഹദീപം സ്ഫുടരത്നമാണു നീ
മഹനീയമതാണു മാറിലു-
ന്മഹമാത്മാവണിയുന്ന ഭൂഷണം."

"പുരുഷന്നു പുമൎത്ഥഹേതു നീ
തരുണിക്കാത്തരുണീഗുണങ്ങൾ നീ
നിരുപിക്കുകിൽ നീ ചമയ്പൂഹാ
മരുഭൂമോഹന പുഷ്പവാടിയായ്."

"നയമാൎന്നു ചരിക്കു ദീപമാ-
യുയരും നിൻപ്രദനാകമേറുവാൻ
നിയതം നരകം നയിപ്പു നി-
ണയഥായോഗമ സജ്ജനങ്ങളെ."

"മൃതിയും സ്വയമിങ്ങു രാഗമെ
ക്ഷതിയേകില്ല നിനക്കു ; വാഴ്‌വു നീ
സ്മൃതിയാം പിതൃലോകസീമയിൽ
പതിവായ ശ്രുനിവാപമുണ്ടമേ."

എന്നിപ്രകാരമാണ് വിഭാവനം ചെയ്യുന്നത്. സ്നേഹത്തിന്റെ അപാരമായ ദിവ്യശക്തിയിൽ ദൃഢമായി വിശ്വസിക്കുന്ന ഒരാളാണ് മഹാകവി ഉള്ളൂർ.

"ഒരൊററമതമുണ്ടുലകിനുയിരാം പ്രേമം
അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാൎവ്വണി ശ
ശിബിംബം."

എന്നു സ്നേഹത്തിന്റെ മാഹാത്മ്യത്തെ മധുരസ്വരത്തിൽ പാടുന്ന ആ കവികോകിലം മൃദുലമായ ആ മനോവികാരത്തിന്റെ മഹനീയതയെ

"യാതൊന്നു ദൈവത്തിനു മൂൎത്തിപോലും,
യാതൊന്നു വിശ്വത്തിനു തൂണുപോലും,
യാതൊന്നു മോക്ഷത്തിനു കോണിപോ
(ലും,
ആ സ്നേഹം—ആ സ്നേഹം—അഹോ ജ
(യിപ്പൂ"

എന്നാലാപിക്കുന്നു. സ്നേഹം മനോഹരമായ ഒരു പുഷ്പമാണ്. പൂവിൽനിന്നു വേണം കായുണ്ടാവാൻ. അതുപോലെ സ്നേഹത്തിൽനിന്നു വേണം ലോകത്തിന് അനുഭവയോഗ്യമായ ഏതു ഫലവും ഉത്ഭവിക്കുവാൻ. അതിനെ അശുഭവും, നശ്വരവുമായ ഒരു ഗുണമായി പരിഗണിക്കരുത്.

ത്യാഗം സ്നേഹത്തോടുകൂടി അനുബദ്ധമാണ്. "ത്യാഗമേവനു വരും സമഗ്രമീ ഭോഗ ലോഭനാജന ജഗത്തിലെന്നമേ" എന്ന കവീന്ദ്രവചനത്തിനു വിധേയമായ ഈലോകത്തിൽ സ്നേഹത്തോടുകൂടാത്ത പൂൎണ്ണത്യാഗം നമുക്കു കണ്ടെത്തുവാൻ അസാദ്ധ്യമാണ്. മഹാത്മാഗാന്ധി ഭാരതാംബയുടെ അരുമസന്താനങ്ങളോടുള്ള അപാരമായ സ്നേഹം നിമിത്തം ഏതു കഷ്ടസ്ഥിതിയും സസന്തോഷം ശിരസ്സാ വഹിച്ചു തന്റെ ജീവിതത്തെ അവൎക്കുവേണ്ടി ത്യജിക്കുന്നതിനു സന്നദ്ധനായി. പണ്ടു തെക്കേ ആഫ്രിക്കായിൽ സത്യാഗ്രഹകാലത്ത് അദ്ദേഹത്തെ ഒരുവൻ കപോലതാഡനത്താൽ ഒന്നുരണ്ടു പല്ലുകൾ നഷ്ടമാക്കി. അവനെ ബന്ധിക്കുവാൻ വന്ന സമാധാനപാലകരോട് "എനിക്ക് അവന്റെ പേരിൽ യാതൊരു വിദ്വേഷവും കേസുമില്ല" എന്നു പറഞ്ഞയച്ചത് അപകാരികളിൽപോലും അദ്ദേഹത്തിനുള്ള സ്നേഹത്തിന്റെ അത്യഗാധതയെ തെളിയിക്കുന്നു. ത്യാഗത്തെ ഭൎത്തൃഹരി

"ക്ഷീരേണാത്മഗതോദകായഹി ഗു
ണാദത്താ പുരാതേഖില
ക്ഷീരേ താപമവേക്ഷ്യതേനപയസാ
സ്വാത്മാകൃശാനൌഹുതാഃ
ഗന്തും പാവകമുന്മനസ്തദഭവൻ
ദൃഷ്ട്വാതു മിത്രാ പദം
യുക്തം തേന ജലേനശാമ്യതിസതാം
മൈത്രീപുനസ്ത്വീദൃശീ."

എന്നുപമിച്ചിരിക്കുന്നു. പാലു തനിക്കുള്ള ഗുണം മുഴുവനും വെള്ളത്തിനു നൽകുന്നു. അതു തിളപ്പിക്കുമ്പോൾ പാലിന്റെ ശോചനീയാവസ്ഥ വെള്ളം ദൎശിക്കുകയും അതു സ്വയം നശിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. വെള്ളം അപ്രകാരം നഷ്ടമാകുമ്പോൾ മിത്രനാശമോൎത്തു പാലു തീയിൽ ചാടി ആത്മഹത്യക്കൊരുമ്പെടുന്നു. ഈ കടുംകൈയിൽനിന്നും അതിനെ വിമുക്തമാക്കണമെങ്കിൽ വെള്ളം തന്നെ ഒഴിക്കണം. ഇവിടെ പാലു തനിക്കുള്ള ഗുണങ്ങളെ വെള്ളത്തിനുവേണ്ടി ത്യജിക്കുന്നു, വെള്ളം നഷ്ടമാകുമ്പോൾ ആത്മഹത്യ ചെയ്യുവാൻ തുടങ്ങുന്നു, വീണ്ടും ഉദകസ്പൎശത്താൽ വിമുക്തമാകുന്നു. ഇതു സ്നേഹം നിമിത്തമുള്ള ഒരുത്തമത്യാഗത്തിന്റെ പരമോദാഹരണമാണ്.

സ്നേഹത്തിനു പല അവസ്ഥാഭേദങ്ങളുണ്ട്. ഒരു മാതൃഹൃദയത്തിൽ തന്റെ സന്താനങ്ങളെപ്പററി നിക്ഷിപ്തമായിട്ടുള്ള സ്നേഹം അപരിമിതമാണ്. മാതൃവാത്സല്യം സന്താനങ്ങളിലേക്കലിഞ്ഞൊഴുകുന്ന അവളുടെ ആത്മാവു തന്നെയാണ്. ഒരു മാതാവു തന്റെ പുത്രനെ നോക്കി

"അപ്പരിണാമപ്പടവുകളോരോന്നും
തപ്പിത്തടഞ്ഞു കടന്നൊടുക്കം
മാനുഷതപത്തിങ്കലെത്തിയെന്നോമ(ൽ നി
മാമകാനന്ദത്തെ പൂർണ്ണമാക്കാൻ"

എന്നു പറയുന്നു. സന്താനങ്ങൾ സുകൃതലബ്ധങ്ങളായ നിഷ്കളങ്കാത്മാക്കളാണെന്നും, അവരെ സേവിക്കുവാൻ നിയുക്തയായ ഒരു ഭൃത്യയാണ് താനെന്നുമുള്ള മാതൃബോധത്തോടുകൂടി അമ്മ കുട്ടിക്കു മുല കൊടുക്കുമ്പോൾ

"ഓമനേ നിന്നിലപൂർണ്ണത ചേർത്തിടാ-
യ്കിമുലപ്പാലിലെ ദൌർബല്യങ്ങൾ"

എന്ന് ആശംസിക്കുന്നു. വീണ്ടും കുട്ടിയെ പിച്ച നടത്തുമ്പോൾ

"ആരു ഞാൻ നിന്നെയെൻകുഞ്ഞെ(ഗഹനമാം
പാരിതിൽ കാൽവെപ്പു ശീലിപ്പിക്കാ(ൻ"

എന്നവരോർമ്മിക്കുന്നു. മാതാവിനു തന്റെ പ്രിയ സന്താനത്തിന്റെ പ്രഥമരോദനം

"പ്രേമപവിത്രീ കരണമന്ത്രമവ-
ക്കിമണിക്കുഞ്ഞിന്റെയാദ്യത്തെ രോദ(നം
അല്ലെങ്കിൽ, അക്ഷയാനന്ദസാന്ദ്രാപി(തൻ
പുല്ലാങ്കുഴലിന്റെ പുണ്യഗീതസ്വനം"

ആണെന്നു തോന്നുന്നു. അമ്മയ്ക്കു മാത്രം പുത്രശുശ്രൂഷയാകുന്ന നിഷ്കാമകർമ്മത്തിന്റെ ഫലമായിട്ട്

"സാധിതമാകമാറുണ്ട്, തന്നുണ്ണിയിൽ
സർവ്വഭൂതാത്മകദർശനം മംഗളം"

മാതാവു തനയലബ്ധിയാൽ

"ധന്യഞാൻ ധന്യഞാൻ എൻ കൈ(യിൽത്താനിതാ
ധാർമ്മികജീവിത പക്വഫലം"

എന്നു മനനം ചെയ്യുന്നു. ഇതിൽനിന്നും ഒരു മാതാവിനു തന്റെ പുത്രനോടുള്ള സ്നേഹത്തിന്റെ പരിപൂർണ്ണത ദർശനീയമാണ്.

ഭാര്യാഭർത്തൃസ്നേഹവും അപരിമിതമാണ്. ഉദാഹരണമായി ശ്രീരാമനേയും സീതയേയും എടുക്കാം. ശ്രീരാമൻ ഭയാനകമായ വനമദ്ധ്യത്തിൽ ഗർഭിണിയായ സീതയെ കാരണം കൂടാതെ ഉപേക്ഷിച്ചു. അവളെ ഇപ്രകാരം നിരാലംബയായി ഉപേക്ഷിച്ചപ്പോൾ അവൾ നദിയിൽ ചാടി മരിക്കുവാൻ ഉദ്യമിച്ചു. പക്ഷെ പെട്ടെന്ന് അവൾ അതിൽനിന്നും വിരമിച്ചു. അതിന്റെ കാരണം തന്റെ ഭർത്താവിന്റെ വംശനിലനില്പിന് ആവശ്യമായ സന്താനങ്ങൾ അവളുടെ ഗർഭത്തിൽ ഉണ്ടായിരുന്നു എന്നതാണ്. ആ അവസരത്തിൽ അവൾ

"സാഹം തപഃ സൂര്യനിവിഷ്ടദൃഷ്ടി-
രൂർദ്ധ്വം പ്രസൂതേശ്ചരിതും യതിഷ്യേ
ഭൂയോയഥാമേ ജനനാന്തരേപി
ത്വമേവഭർത്താ ന ച വിപ്രയോഗഃ"

എന്നു തീർച്ചയാക്കി. "പ്രസവാനന്തരം ഞാൻ തപസ്സുചെയ്യുവാനായി യത്നിക്കും. ആ തപസ്സുകൊണ്ട് എനിക്കു ലഭിക്കേണ്ട ഫലം ഇനി ഒരു ജന്മത്തിലെങ്കിലും അങ്ങു തന്നെ എന്റെ ഭർത്താവായിത്തീർന്ന് ഒരിക്കലും വിരഹദുഃഖം അനുഭവിക്കാതെ സുഖമായി വസിക്കണം എന്നുള്ളതാണ്. ഇതിൽനിന്നും ഭാര്യാഭർത്തൃസ്നേഹം അമേയമാണെന്നു തെളിയുന്നു.



ഇനി നമുക്കു മനുഷ്യനും പ്രകൃതിയുമായുള്ള സ്നേഹരംഗത്തേക്കു കടക്കാം. ശകുന്തള തന്റെ ഭർത്തൃസന്നിധിയിലേക്കു പോകുമ്പോൾ അവളുടെ വനജ്യോത്സ്നിയോട് "ദൂരദേശവാസിനിയായിപ്പോകുന്ന ഈ സഹോദരിയെ നിന്റെ കൊച്ചു ശാഖകളാകുന്ന കൈകൾകൊണ്ട് ഒന്നു ആലിംഗനം ചെയ്യണെ" എന്നു യാചിക്കുകയും, അനുധാവനം ചെയ്ത കൃഷ്ണമൃഗത്തെ നോക്കി "അച്ഛൻ നിന്നെ നോക്കിക്കൊള്ളും തിരിച്ചുപോ" എന്നു പറഞ്ഞു കരയുകയും, "മാൻപേട സുഖമായി പ്രസവിച്ചാൽ ആ വിവരം എന്നെ അറിയിപ്പിക്കുന്നതിനു ഒരാളെ അയക്കേണമേ" എന്നു താതനോടപേക്ഷിക്കുകയും മററും ചെയ്തതിൽനിന്നു മനുഷ്യനു പ്രകൃതിയോടുള്ള അപാരമായ സ്നേഹം വ്യക്തമാകുന്നു. "ചിരം ചാർത്തിന വൃക്ഷമൊന്നതിനടിക്കായിട്ടു കാന്തന്റെ മെയ് ചാരിക്കൊമ്പിലിടത്തു കണ്ണുരസുമാ മാൻപേട" ജന്തുക്കളുടെ പരസ്പര സ്നേഹാധിക്യത്തെ സുവ്യക്തമാക്കുന്നു.

ഇങ്ങിനെ എവിടെ നോക്കിയാലും

"സ്നേഹത്തിൽ നിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.
സ്നേഹം താൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹം താനാനന്ദമാർക്കും.
സ്നേഹം താൻ ജീവിതം ശ്രീമൻ—സ്നേഹ
വ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ—സ്വർഗ്ഗ
ഗേഹം പണിയും പടുത്വം"

എന്നതു കാണുവാൻ കഴിയും.

മനുഷ്യർക്കു ഉത്തമ ജീവിതം സുലഭമാകണമെങ്കിൽ ആ ജീവിതം സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടും, വിജ്ഞാനത്താൽ നയിക്കപ്പെട്ടും ഇരിക്കേണ്ടതാണ്. ജീവിതത്തിനു സ്നേഹവും ജ്ഞാനവും ഒന്നുപോലെ ആവശ്യമാണ്. സ്നേഹംകൊണ്ടു ജ്ഞാനം കൂടാതെയോ, ജ്ഞാനംകൊണ്ടു സ്നേഹം കൂടാതെയോ ഒരുത്തമ ജീവിതം നയിക്കാൻ സാദ്ധ്യമല്ല. പുരാതനകാലത്തു സാംക്രമിക രോഗങ്ങൾ ഉണ്ടാകുമ്പോൾ ജനങ്ങൾ ദേവാലയങ്ങളിൽ ഒന്നിച്ചു ചേർന്നു പൊതുജനരക്ഷയ്ക്കുവേണ്ടി ഈശ്വരാരാധന നടത്താറുണ്ടായിരുന്നു. ഇപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ടു ആ സാംക്രമികരോഗം കാട്ടുതീ പോലെ പടർന്നുപിടിക്കുകയും അനേകം പേരെ മൃത്യുഹസ്താവലംബരാക്കുകയും ചെയ്തു. ഇതു ജ്ഞാനമില്ലാത്ത സ്നേഹത്തിനു ഒരുത്തമോദാഹരണമാണ്. സ്നേഹശൂന്യമായ വിജ്ഞാനത്തിനു യുദ്ധം ഒരുപമാനമാണ്. വിമാനം കണ്ടുപിടിച്ചതു സമയലാഭത്തിനുവേണ്ടിയാണ്. അവയെ ഇപ്പോൾ വിഷവായു പ്രയോഗത്തിനും, ബോംബിടുന്നതിനുമായി ഉപയോഗിക്കുന്നു. ഇപ്രകാരം

"വിജ്ഞാനശക്തിയുടെ വിസ്മയ കൃന്ന വി(നോ
പജ്ഞാഭി വർദ്ധന യഹോവിധിവൈപ(രീത്യാൽ
അജ്ഞാതനാശകരയന്ത്രവിധാനിയാക്കി
വിജ്ഞാനിയാം നരനെ; നല്ലതുവല്ലതാക്കി"

ചെയ്യുന്നതു നിസ്നേഹവിജ്ഞാനമാണെന്നുള്ളതു അവിതർക്കിതമാണ്.

സ്നേഹവും, വിജ്ഞാനവും ഒന്നുപോലെ ആവശ്യമാണെന്നിരുന്നാലും സ്നേഹത്തിനാണ് അതിൽ കൂടുതൽ പ്രാധാന്യം. എന്തെന്നാൽ അതു ബുദ്ധിമാന്മാരെ തങ്ങൾക്കു സ്നേഹമുള്ളവരെ സഹായിക്കുന്നതിനു ആവശ്യമുള്ള ജ്ഞാനസമ്പാദനത്തിനു പ്രേരിപ്പിക്കുന്നു. എങ്കിലും, ചിലപ്പോൾ ജ്ഞാനം സ്നേഹത്തെക്കാൾ കൂടുതൽ പ്രയോജനകരമായി ഭവിക്കും. വൈദ്യശാസ്ത്രം അതിനുദാഹരണമാണ്. ഒരു ഭിഷഗ്വരൻ ആപ്തമിത്രത്തെക്കാൾ ചിലപ്പോൾ കൂ

ട്ടതൽ പ്രയോജനകരമായി ഭവിക്കുകയും, വൈദ്യശാസ്ത്രത്തിൽ കൂടുതൽ വിജ്ഞാനം പൊതുജനാരോഗ്യത്തിനു കൂടുതൽ ഗുണകരമായി ഭവിക്കുകയും ചെയ്യും.

സ്നേഹം രണ്ടു വ്യത്യസ്ഥ ഗതികളെ സ്വീകരിക്കുന്നു; ഒന്നു സന്തോഷവും, മററതു പരോപകാരതല്പരതയും. നാം നമ്മുടെ ഉപവനങ്ങളിൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിൻെറ ഉദ്ദേശം അവ നമുക്കു ആഹ്ളാദഹേതുകമായിത്തീരണം എന്നതാണ്. ഇവിടെ സ്നേഹം സന്തോഷസരണിയെ അവലംബിക്കുന്നു. മനുഷ്യർ കുഷ്ഠരോഗികളെ രക്ഷിക്കുന്നതിൽ തങ്ങളുടെ ജീവനെ ബലികഴിച്ചിട്ടുണ്ട്. ഇതിൽ അവക്കുള്ള സ്നേഹം ആഹ്ളാദാസ്പദമാകുവാൻ തരമില്ല. ഇപ്രകാരം താൻ സ്വയം ത്യജിക്കുന്നതു തൻെറ പരോപകാരതല്പരതയും അവരോടുള്ള അനുകമ്പയും ഒന്നുമാത്രമാണ്.

ഇപ്രകാരം "ആപ്തസത്യനവിയോഗമാം സുഖം" സ്നേഹംകൊണ്ടു ലോകത്തിൽ എവിടെയും എല്ലായ്പോഴും ലബ്ധമാകുമെന്നുള്ളതു അവിതക്കിതമാണ്. ലോകം സ്നേഹജന്യമാണ്. ലോകം സ്നേഹസമ്പൂർണ്ണമാണ്. ലോകം സ്നേഹത്തിൽത്തന്നെ ലയിക്കുകയും ചെയ്യും.

"സ്നേഹിക്ക നാം നമ്മെ മറന്നു സാക്ഷാൽ
ദൈവത്തെയോർത്തത്ഭുതമിപ്രപഞ്ചം
ഈശൻെറ പൂന്തോപ്പിതു; നിങ്ങളിതിനെ
സ്നേഹാമൃതത്താലതുസിക്തമാക്കാം."

P. Narayanan Unni,
Cl. I. Gr. II. a.

---

## നാരദൻ 'അഥവാ ഏഷണിക്കാരൻ'

നാരദനെന്ന വാക്കു തന്നെ 'ഏഷണിക്കാരൻെറ' പര്യായമായിട്ടാണ് ഇന്നു ഉപയോഗിക്കുന്നത്. എന്തെന്നാൽ, നാഴിക തികച്ചൊരിടത്തും ഇരിക്കാതെ, ഈരേഴുലകവും ചുററി നടന്ന്, ഏഷണി പറഞ്ഞ്, അദ്ദേഹം കണ്ടവരെയൊക്കെ ചെണ്ട കൊട്ടിക്കുന്നു, എന്ന അപവാദം പ്രസിദ്ധമാണ്. എന്നാൽ, പരമാനന്ദപ്രദമായ സ്വരമാധുരിയാൽ ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്ത്, കരുണയും ഭക്തിയും നിറഞ്ഞൊഴുകുന്ന ഹൃദയത്തോടെ, ലോകം മുഴുവൻ ചുററിസ്സഞ്ചരിച്ച് ഒരു വത്തമാനപ്പത്രമെന്നവണ്ണം മാത്രം, വാത്താവിതരണം നടത്തിയിരുന്ന, വീണാപാണിയായ നാരദനു ഈ പേര് എങ്ങിനെയാണ് യോജിക്കുന്നതെന്നറിഞ്ഞുകൂടാ. അതു വെറും തെററിദ്ധാരണയുടെ ഫലം മാത്രമായിരിക്കാം.

കടക്കണ്ണിൻെറ ഒററച്ചലനംകൊണ്ടുപോലും കലഹമുണ്ടാക്കുവാൻ, നാരദനു നെഞ്ചുറപ്പും, സാമത്ഥ്യവുമുണ്ടെന്ന് അഭിപ്രായപ്പെടുന്നവർ, ബുദ്ധിമുട്ടുന്നവക്കു മുക്തിമാഗ്ഗമുപദേശിക്കുന്നതിലും, അദ്ദേഹം സമത്ഥനാണെന്നകാര്യം ഓക്കേണ്ടതാണ്. ശ്രീകൃഷ്ണൻ ഗ്യാലന് അയച്ച മരണവാറണ്ടിൽ, അജ്ജുനൻെറ സഹായപ്രതിജ്ഞയും ഭംഗംവരുത്താതെ തന്നെ ഗ്യാലൻെറ ജീവനെ രക്ഷിച്ച നാരദൻ, വിജ്ഞന്മാരുടെ മുമ്പിൽ അപഹാസ്യനാകുമോ? രാവണനും കാലനും തമ്മിൽ ശണ്ഠ കൂട്ടിയതിനു ശേഷം, "യുദ്ധകോലാഹലം കാണാമിനിയെന്നു ചിത്തകുതൂഹലം" പൂണ്ടു് എഴുന്നെള്ളിയ നാരദനും കറച്ചാദർശശുദ്ധിയുണ്ടായിരുന്നു. അതു കലഹമുള്ളിടത്തെല്ലാം കുരുത്തംകെട്ടവരെ കണ്ടിൽ ചാടിച്ച്, മാറിനിന്ന് 'കണ്ടിലെ കേട്ടിലെ', എന്നു പറഞ്ഞു ലോകത്തിനുദാഹരണം ചൂണ്ടിക്കാണിക്കുകയെന്നൊന്നു മാത്രമാണ്.

രാജ്യാഭിഷേകത്തിന് ഒരുങ്ങാതെ തൻെറ അവതാരലക്ഷ്യത്തെ പ്രാപിക്കണമെന്നും, ഇന്നസമയത്തു രാവണനെ വധിക്കണമെന്നും, വീണ്ടും വീണ്ടും ശ്രീരാമനെ ഓർപ്പിക്കുന്ന നാരദൻെറ കാര്യക്ഷമത ഒന്നു വേറെ തന്നെ. ഇതു്, തപസ്സിനായി വനത്തിലേയ്ക്കു പുറപ്പെട്ട ധ്രുവകുമാരനെ ഉപദേശിക്കുന്നതിലും 'ഗർഭസ്ഥിതനായ' പ്രഹ്ലാദനു ഭഗവൽസ്തുതി ഉപദേശിക്കുന്നതിലും വെളിപ്പെടുന്നുണ്ട്.

ആദ്യ ജന്മത്തിൽ വെറുമൊരു ഭൃത്യയുടെ മകനായിരുന്ന നാരദൻ ദേവഷിസ്ഥാനത്തെക്കുയന്നതു് അദ്ദേഹത്തിൻെറ ഉഗ്രതപസ്സുകൊണ്ടാണല്ലോ. ഇതു് അദ്ദേഹത്തിൻെറ സ്ഥിരപ്രതിജ്ഞയുടെ ഉത്തമോദാഹരണമാണ്. സ്വണ്ണവണ്ണത്തിലുള്ള നീണ്ട ജഡയും, സ്ഫടികാക്ഷമാലകളും ഭൂതിഭൂഷിതനായ അദ്ദേഹത്തിൻെറ വിശാലനെററിയും, അദ്ദേഹത്തിൻെറ ദിവ്യതേജസ്സിനു മാററു കൂട്ടിയിരുന്നു.

മററു മുനിസഹോദരങ്ങളെപ്പോലെ, കോപാവേശത്താൽ മതിമറന്ന്, ലോകത്തെ ശാപാഗ്നിയ്ക്കിരയാക്കാനുള്ള ഭ്രാന്തു നാരദമഹഷിയ്ക്കുണ്ടായിരുന്നില്ല. "രണ്ടാം വാക്കിനു കേറിയടിക്കുക" എന്ന സ്വഭാവം അദ്ദേഹത്തെ തീണ്ടിട്ടുപോലുമില്ല. എന്നാൽ ഗവ്വിഷ്ഠന്മാരിൽ അഗ്രഗണ്യനെന്നു പ്രസിദ്ധി സിദ്ധിച്ചിട്ടുള്ള ദുർവ്വാസസ്സിനെപ്പോലും ശാന്തനാക്കുവാൻ കോമളനായ നാരദനു സാധിച്ചിട്ടുണ്ട്. മനുഷ്യനെ ശുദ്ധമാക്കുവാനുള്ള ഗവ്വം മററുമായി മാററി ഉഴറുവാനുള്ള ലൈസൻസ്', അദ്ദേഹത്തിൻെറ തപശ്ശക്തിയെ കളങ്കപ്പെടുത്തിയിരുന്നില്ല. വിഷയലോലുപന്മാരായ, ധനാധിനാഥ കുമാരന്മാർ മാത്രമേ നാരദമഹഷിയുടെ ശാപത്തിനു പാത്രീഭവിച്ചിട്ടുള്ളൂ. യാതൊരു വൈമനസ്യവും കൂടാതെ മോചനത്തിനുള്ള വഴിയുപദേശിക്കുകയാൽ, ശ്രീകൃഷ്ണൻ അവരെ മോചിപ്പിച്ചു ഭക്തന്മാരാക്കുകയും ചെയ്തു.

ഭക്തിയുടെ ആഴവും യുക്തിയുടെ പ്രാബല്യവും, അറിവാനും അനുഭവിപ്പാനും നാരദമുനിയെപ്പോലെ അധികംപേക്കും കഴിഞ്ഞിട്ടില്ല. അതേസമയം തന്നെ, സംഗീതവും സാഹിത്യവും, അദ്ദേഹത്തിൻെറ ഹിതാനുവത്തികളായിരുന്നെന്നു പറഞ്ഞാൽ അതു് ഒട്ടും അതിശയോക്തി ആകുന്നതല്ല. ഏതു കാര്യവും സ്വകപോലകല്പിതാകൊണ്ടു ഹൃദയാനന്ദപ്രദമായ രീതിയിൽ പ്രദർശിപ്പിക്കുന്നതിൽ അദ്ദേഹത്തിന് ഒരു പ്രത്യേക വാസനയുണ്ട്. അദ്ദേഹത്തിൻെറ ഹൃദയവീണയിൽനിന്നും പുറപ്പെട്ടിട്ടുള്ള മധുരസ്വനങ്ങൾ, ഭക്തി, പ്രേമം, ത്യാഗം എന്നിവയുടെ മാററുരച്ചു കാണിച്ചിരുന്നു.

അവസാനമായി അദ്ദേഹത്തിൻെറ ജീവിതത്തെപ്പററിയും ആലോചിച്ചുനോക്കാം. തൻെറ കൂട്ടുകാരനായ തുംബുരുവും താനും, നരനാരായണന്മാരെപ്പോലെയാണ് കഴിഞ്ഞുകൂടിയിരുന്നതു്. സഞ്ചരിക്കുവാനും, പാട്ടു പാടുവാനും, രസിക്കുവാനും, രസിപ്പിക്കുവാനും വിരുതന്മാരായ ഇവർ എത്ര സന്തോഷത്തോടെയാണ് കാലം കഴിച്ചുകൂട്ടിയതെന്ന് അവക്കു മാത്രമേ അറിയാവൂ. ആരെങ്കിലും എന്തെങ്കിലും അത്ഭുതം പ്രവത്തിക്കുന്നുണ്ടെങ്കിൽ ഈ സഹൃദയശിരോമണികൾ അവിടെ ഹാജരുണ്ട്. വല്ല വിശേഷം ഉണ്ടെങ്കിൽ നാരദനെ അവിടെത്തന്നെ അന്വേഷിക്കണം.

ഇത്ര കൃത്യനിഷ്ഠയും, കാര്യക്ഷമതയും, രസികത്വവും, ദേവഷിമാരിൽപോലും ഒന്നിച്ചു കാണുവാൻ പ്രയാസമാണ്. ഇത്ര

സരസവും, സുന്ദരവും, സമ്പൂർണ്ണവുമായ
സൃഷ്ടി ബ്രഹ്മാവു രണ്ട പ്രാവശ്യം സൃഷ്ടിച്ചി
ട്ടില്ലതന്നെ. എന്നിട്ടും 'ഏഷണിക്കാരൻ'
എന്ന ഒരു വിശേഷണവും കൂടെ അദ്ദേ
ഹത്തിൻെറ നാമത്തോട്ട ചിലർ ചേൎക്ക

ന്നുണ്ട്. പക്ഷെ അത് അദ്ദേഹത്തിന്
ഒരു ഭൂഷണമായിട്ടാണ് തീൎന്നിട്ടുള്ളതെന്ന
ത് രസാവഹം തന്നെ.

N. G. Poulose
Class II. Gr. II. a.

---

## അന്വേഷണം.

(എം. ഇ. ചെറിയാൻ, തിരുവല്ലാ)

അർദ്ധരാത്രിയുടെ അഗാധതയിൽ.....
......പാതിരാക്കോഴി ഒന്നു കൂവി. ഞാൻ
വിചാരിച്ചു എൻെറ പ്രേമമയിയുടെ ദിവ്യ
ഗീതമാണ് അതെന്ന്. ഞാനൊന്നു പി
ടഞ്ഞു, ഹൃത്തടമൊന്നു ത്രസിച്ചു, ആകെ
യൊന്നു പുളച്ചു. ആ മനോഹരിയുടെ ത
ഴുകലിനിടയിൽ നിർവ്വാണമിയലുവാൻ ഹൃ
ദയം അഭിവാഞ്ഛിച്ചു. ഞാൻ തലപൊ
ക്കി നോക്കി. നിരാശ! വെറും അന്ധ
കാരം. എങ്ങും നിശ്ശബ്ദത. എൻെറ ഉ
ൾത്തടം പൊട്ടിയെന്നു എനിക്കു തോന്നി.
ആ പാതിരായുടെ പ്രശാന്തതയിൽ എ
ൻെറ വിങ്ങിപ്പൊട്ടൽ പൊന്തിയുയൎന്നു. അ
ങ്ങുമിങ്ങുമിരുന്ന ചില നിശാചരികൾ അ
ത് ഏററുപാടി. അയ്യയ്യോ, ഞാൻ അശ
ക്തനായി. എനിക്കൊന്നും ചെയ്യുവാൻ
കഴിഞ്ഞില്ല. ആ പുതപ്പു വലിച്ച് കാലി
ലിട്ടു. ആ പായ്ച്ചുരുളിനുള്ളിൽത്തന്നെ
അഭയം തേടി. വീണ്ടും നിദ്ര.

× × ×

സുപ്രഭാതം. ദിനദേവത പുഞ്ചിരി
തൂകിയെന്നെ മാടി വിളിച്ചു. വിഹഗങ്ങളു
ടെ കളകളനാദം എനിക്ക് ഹൃദയംഗമമാ
യി സ്വാഗതമരുളി. അടുത്തുള്ള ദേവാല
യത്തിൽനിന്നും ഉയൎന്ന മണിനാദം എ
ൻെറ ജൈത്രയാത്രയുടെ ശംഖൊലിയായി
ത്തീൎന്നു. ഓലത്തുഞ്ചാണി എൻെറ വൈ
ജയന്തിയായി പാറിക്കളിച്ചു. ഞാൻ ഉത്ഥി

തനായി ആ ദീർഘനിദ്രയിൽനിന്നു വിമു
ക്തനായി. ഞാൻ ഒന്നു ചിരിച്ചു. പ
ക്ഷെ അതു കരച്ചിലായി മാറുകില്ലെന്നു ആ
ൎക്കറിയാം.

ബാലാരുണൻെറ കിരണച്ഛവി തട്ടി മ
ൺമാടങ്ങൾ പോലും പൊൻമാടങ്ങളാകു
ന്ന വിഭാതവേളയിൽ ഞാനെൻെറ കാമു
കിയെ അന്വേഷിച്ചു യാത്രയായി. ഞാൻ
തെരുവീഥിയിലേക്കിറങ്ങി. അവളുടെ മ
ണിമേതരിൻെറ ഉരുൾച്ച ഞാൻ കേട്ടു.
ഞാൻ ഒന്ന് ഇളകി. ആ ശബ്ദത്തെ ല
ക്ഷ്യമാക്കി ഓടിത്തുടങ്ങി. "എൻെറ പ്രിയ
കാമുകി! നീ എവിടെ, എവിടെ?" എ
ൻെറ ചോദ്യങ്ങൾ ദേശാന്തരങ്ങളിൽ ചെ
ന്ന് അല തല്ലി.

വഴിയരികിൽ നിന്ന റോസാപുഷ്പത്തോ
ട്ട ഞാൻ ചോദിച്ചു, "അനന്യസുലഭമായ
സൌഗന്ധധോരണി പരത്തുന്ന റോസാ
പുഷ്പമേ! എൻെറ പ്രാണനാഥയെ നീ ക
ണ്ടുവോ?" തല കുലുക്കിക്കൊണ്ട് ആ പു
ഷ്പം ഹാസോപേതം പറഞ്ഞു, "കമ്രധീര
നായ യുവാവേ! സ്വാഗതം. നിങ്ങൾ
ആരെത്തിരക്കി യാത്ര തിരിച്ചിരിക്കുന്നുവോ
ആ ദേവി ഇവിടെയെങ്ങും ദൃശ്യയല്ല. പാ
തവക്കിൽ അന്യരുടെ കരുണാമൃതകണ
ങ്ങൾ കാത്തിരിക്കുന്ന ആ സാധുവിനോടു ചോദിക്കുക." —



സിയുടെ ആവാസരംഗം? ആ ദേവി ഇ
വിടെയെങ്ങുമില്ല."

ഞാൻ പിന്തിരിഞ്ഞു. ചക്രവാളത്തി
ൻെറ വിദൂരപരിധിയിൽ അവളുടെ പൊൻ
തേരു മറയുന്നതായി ഞാൻ കണ്ടു. ഞാൻ
വീണ്ടും നെട്ടോട്ടം ഓടിത്തുടങ്ങി. കണ്ണു
നീർകണങ്ങൾ എന്നിൽനിന്നും അടൎന്നു
വീണു. എൻെറ കാലു കഴയുന്നുവെന്നു
തോന്നി. എങ്കിലും ഞാൻ നിന്നില്ല. ക
ലപ്പയും കുന്താലിയും തോളിലേന്തി പാത
വക്കിൽ ഒരു സാധു ഇരുന്നിരുന്നു. ഞാൻ
അയാളെ സമീപിച്ചു ചോദിച്ചു, "ഭൂമിയോ
ട് അടർ പൊരുതുവാൻ തുനിഞ്ഞിറങ്ങിയി
രിക്കുന്ന നിങ്ങൾ ആരാണ്? നിങ്ങൾ ക
ണ്ടുവോ എൻെറ ആത്മനാഥയെ." "കരു
ണേ", അയാൾ ഉത്തരം പറഞ്ഞു, "കരു
ണയുടെ കണികയേററിട്ടില്ലാത്ത ഈ ലോ
കം എന്നെ കൂലിക്കാരൻ എന്നാണ് പറയു
ന്നതു്. ചുട്ടെരിയുന്ന കൊടുംവെയിലത്തു
യജമാനനു വേണ്ടി പാടത്തു കിടന്നു നട്ടം
തിരിയുന്നവനാണ് ഞാൻ. യജമാന
ൻെറ കാലുയ്ക്കു സുഖമില്ലെങ്കിൽ നുകം തോ
ളിൽ വഹിക്കേണ്ടവനാണ് ഞാൻ. അ
ന്തിയാകുമ്പോൾ അർദ്ധപ്പട്ടിണിയോട്ട കു
ടി ആൎത്തരായി അലയുന്ന എൻെറ കുഞ്ഞു
ങ്ങളുടെ അന്തികത്തിൽ ഞാൻ അണയും.
എല്ലാം നിരാശ! കഷ്ടത! എനിക്കാണോ
ഭൂമണ്ഡലത്തിൻെറ നാലതിരിലും യഥേ
ഷ്ടം തുള്ളിക്കളിക്കുന്ന ആ മഹാ പ്രഭ്വിയെ
കാണുവാൻ സൌകര്യമുണ്ടാവുക. പോ
വുക, ഞാൻ ഈ വഴിയരികിൽ ഇരുന്ന്
യഥേഷ്ടം ഒന്നു നെട്ടുവീൎപ്പിട്ടുകൊള്ളട്ടെ"

ഒരു വണ്ണാത്തിപ്പുള്ള് ദുസ്സഹമായി ചി
ലച്ചുകൊണ്ട് എൻെറ തലയ്ക്കുമീതെക്കൂടി പ
റന്നുപോയി. മന്ദമാരുതൻ ചെവിതാരയോ
ന്നു മൂളിക്കൊണ്ടു കടന്നുപോയി.

ഞാൻ 'അന്വേഷണം' തുടൎന്നു. എ

ങ്ങലടിച്ചുകൊണ്ട പിന്നെയും ഓടിത്തുടങ്ങി.
'ഹാ!, എൻെറ നാഥേ! നിന്നെ ഞാൻ എ
വിടെത്തിരയേണ്ട?' ഒരു കെട്ട പുസ്തകവു
മേന്തി പാതവക്കിൽ മദാലസനായി വിഹ
രിച്ചിരുന്ന ഒരു ബാലനെ ഞാൻ കണ്ടു.
ഞാൻ അവനെ സമീപിച്ചു ചോദിച്ചു,
"സുഭഗനായ കുമാരാ! നീ ആരാണ്? നീ
കണ്ടുവോ എൻെറ പ്രേമധാമത്തെ." ഒരു
പുഞ്ചിരി തൂകിക്കൊണ്ട് അവൻ ഉത്തരം
അരുളി, "ഹേ! സഖാവേ, കാൎയ്യമറിയാ
ത്ത ഈ ലോകം എന്നെ വിദ്യാൎത്ഥിയെന്നു
മുദ്രയടിച്ചിരിക്കുന്നു. അതെ, ഞാൻ വി
ദ്യാൎത്ഥിയായിപ്പോയി. എനിക്കിനി മററൊ
ന്നിനും സമയമില്ല. വിദ്യാലയത്തിൽ ചെ
ന്നാൽ! അഹഹോ! അസ്വാതന്ത്ര്യം.
ഞാനൊന്നു തിരിഞ്ഞെങ്കിൽ ഗുരു പറയും
അധികപ്രസംഗിയാണെന്ന്. ഞാൻ മ
നുഷ്യനായി വല്ലതും പ്രവൃത്തിച്ചെങ്കിൽ ധി
ക്കാരിയായി. സ്നേഹിതാ, ഞാൻ അവിടെ
ഞാനല്ല. കൎക്കശഹൃദയരായ ആ ഗുരുക്ക
ന്മാരുടെ കൈയിലെ കളിപ്പാവയാണ്. അ
വർ തിക്തകം തന്നാൽ ഞാൻ അതു മധു
വായി ആസ്വദിച്ചുകൊള്ളണം. പക്ഷെ
ഞാൻ അമൃതം കാണിച്ചാൽ! അവർ അ
തു കാണുമെങ്കിലും കണ്ട ഭാവമില്ല. ഞാൻ
ഒന്നു ചിരിച്ചെങ്കിൽ അവർ പറയും അതി
ൽ നൂറു് ദുരൎത്ഥങ്ങൾ ഉണ്ടെന്ന്; ഒരു നല്ല
അൎത്ഥംപോലും ഇല്ലെന്നും. ഞാൻ ഒന്നു
തിരിഞ്ഞു നോക്കിയെങ്കിൽ അവർ പറയും
അത് അനാവശ്യത്തിലേക്കു മാത്രമാണെ
ന്ന്. കഷ്ടം! ഞാനൊരു വിദ്യാൎത്ഥിയായി
പ്പോയി. എനിക്കും ആഗ്രഹമുണ്ട് നിങ്ങ
ൾ ആരായുന്ന ആ മഹാഭാഗയെ ഒന്നു കാ
ണണമെന്ന്. എന്തു ചെയ്യാം. ഈ ദീ
ൎഘനിശ്വാസത്തോടുകൂടി ഞാൻ കുറച്ചു
കാലംകൂടി കഴിഞ്ഞുകൊള്ളട്ടെ."

എനിക്കു പിൻവാങ്ങാതെ നിവൃത്തിയി

ല്ലാതായി. പക്ഷെ എന്റെ മനസ്സ് മടച്ചിരുന്നില്ല. ആ ആകർഷണശക്തി എന്നെ മുന്നോട്ട് വലിച്ചുകൊണ്ടിരുന്നു. ഞാൻ നടന്നുതുടങ്ങി. എനിക്കഭിമുഖനായി ഒരാൾ ദൃശ്യനായി. അദ്ദേഹത്തിന്റെ നീണ്ടുകിടന്ന കുപ്പായവും ഇടതൂർന്നു വളർന്ന ദിക്ഷയും എന്നെ വലിച്ചുകൊണ്ടു അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തിച്ചു. ഒരു അഭിവന്ദനപ്രണാമം കഴിഞ്ഞു ഞാൻ ചോദിച്ചു, "ഗുരുദേവാ, നിങ്ങൾ ആരാണ്? അവിടുന്നെന്റെ ആത്മസഖിയെ കണ്ടിട്ടുണ്ടോ?" ശാന്തത പരത്തുന്ന മന്ദഹാസം തൂവിക്കൊണ്ട് ആഗതൻ പറഞ്ഞു, "ഹേ, യുവാവേ! എട്ടുംപൊട്ടും തിരിയാത്ത ലോകത്തിന്റെ നിർവ്വചനപ്രകാരം ഞാൻ ഒരു പുരോഹിതനാണ്. ഈശ്വരനും മനുഷ്യനും മദ്ധ്യേനിന്ന് എളിയതോതിൽ സേവനം അനുഷ്ഠിക്കുന്നവനാണ് ഞാൻ. പക്ഷെ പരമാർത്ഥതയറിയാത്ത ലോകം എന്നെ വഞ്ചകൻ, കപടഹൃദയൻ എന്നൊക്കെയേ വിളിക്കുകയുള്ളൂ. ഞാൻ അതിനൊന്നിനും എതിരു പറവാൻ പാടില്ല പോലും. പറഞ്ഞെങ്കിൽ, ക്രൂരത ധ്വനിപ്പിക്കുന്ന മുഖങ്ങൾ എന്റെ നേരേ പല്ലിളിക്കും. എനിക്കും ആഗ്രഹമുണ്ട് പരമാർത്ഥതയുടെ പവിത്രതയിൽ ആറാടണമെന്ന്. പക്ഷെ സ്വേച്ഛാധികാരിയായ മനുഷ്യൻ എന്നെ വിട്ടയയ്ക്കില്ല. അവൻ പറയുന്നതുപോലെ ഞാൻ ചെയ്തുകൊള്ളണം. അല്ലെങ്കിൽ അടുത്ത ദിവസം ഞാൻ പുരോഹിതനല്ല. എന്തു ചെയ്യാം. നിങ്ങൾ ആരെ തിരക്കുന്നുവോ ആ സ്നേഹസമ്പന്നയെ കാണുന്നതിന്, അവളുടെ ഉത്സംഗത്തിൽ വീണ് നിർവൃതി കൊള്ളുന്നതിനു എനിക്കും ആശയുണ്ട്. പക്ഷെ...."

അതു മുഴുവനും കേൾക്കാൻ ഞാൻ നിന്നില്ല. എനിക്ക് നാഴികകൾ അനേകായിരം പിന്നെയും ഓടേണ്ടതായുണ്ടായിരുന്നു. പശ്ചിമാംബരത്തിൽ ഒരു കട്ടരേഖയുടെ ഒരു പരക്കൽ. എനിക്കു സമയമില്ലായിരുന്നു. എന്റെ ഓട്ടത്തിനു ശീഘ്രത കൂടിത്തുടങ്ങി. എന്റെ കണ്ണുകൾ മങ്ങിത്തുടങ്ങി. ഞാൻ ഒന്നും നോക്കിയില്ല. നെട്ടോട്ടം.

× × ×

ഞാൻ ഒന്നു തലയുയർത്തി. ഭയങ്കരം! ഞാൻ ഒരു വനമദ്ധ്യത്തിൽ. ആദ്യംപോലെ അവസാനവും. എങ്ങും നിരാശ, അന്ധകാരം. ഞാൻ ഒന്നു അന്ധാളിച്ചു. വീണ്ടും തലപൊക്കി നോക്കി. അകലെയല്ലാതൊരു പ്രഭാപ്രസരം. ഞാൻ അതിനു നേർക്കു പാഞ്ഞു. എന്റെ തെരച്ചൽ അവസാനിക്കാറായി. ഞാൻ കണ്ടു പിടിച്ചു. ഞാൻ കണ്ടു, ആ വനത്തിന്റെ അന്തരാളത്തിൽ എന്റെ ദേവിയെ, കരുണാസമ്പന്നയെ, ആശ്രയസങ്കേതത്തെ. മാൻപേടപോലെ ഞാൻ തുള്ളിച്ചാടി. എന്തൊരാഹ്ലാദമായിരുന്നെന്നോ അത്. നെട്ടുകൻ കാഷായാംബരധാരിയായിരുന്ന ആ മോഹനസ്വരൂപത്തെ സമീപിച്ച് ഞാൻ ചോദിച്ചു, "അമ്മേ! നിങ്ങൾ ആരാണ്, എന്റെ ആത്മാനന്ദം നിങ്ങൾ തന്നെയോ." ഒരു പുഞ്ചിരി. ആ ദേവി പറഞ്ഞു; "കുഞ്ഞേ! ലോകത്തിന്റെ ദൃഷ്ടിയിൽ ഞാനൊരു മുനിയാണ്. സന്ന്യാസിനിയാണ്. ഒരു പക്ഷെ എന്നെയായിരിക്കാം നീ തെരഞ്ഞുനടന്നത്. ലോകത്തിന്റെ പ്രലോഭനങ്ങൾക്കോ മായാവിമോഹങ്ങൾക്കോ ഇവിടെ സ്ഥാനമില്ല. എന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യാൻ ഇവിടെ ഭൗമികശക്തികളൊന്നുമില്ല. ഞാൻ സർവ്വതന്ത്രസ്വതന്ത്ര. വന്യമൃഗങ്ങളോടൊത്തു ഞാൻ കേളിയാടും. ചില്ലിലതകളോടൊത്തു നൃത്തം ചെയ്യും. ഏററവും ഉപരിയാ



യി സച്ചിദാനന്ദസ്വരൂപനായ ജഗദീ
ശ്വരന്റെ വിരിമാറിൽ ഞാൻ നിർവൃതി
കൊള്ളും. എന്നെത്തന്നെയാണോ നീ
അ...... .."

അതു പൂർത്തിയാക്കാൻ ഞാൻ സമ്മതി
ച്ചില്ല. അവളുടെ പാദാന്തികത്തിൽ ഞാൻ
വീണു. ആ മംഗളദായകി എന്നെ മാറോ
ടണച്ച് ഒന്നു ചുംബിച്ചു.

ആകാശദേശത്തിൽ ഒന്നു രണ്ടു താര
ങ്ങൾ നിന്നിമേഷരായി ആ മംഗല്യകർമ്മ
ത്തിനു മൂകസാക്ഷ്യം വഹിച്ചു.

സ്വാതന്ത്ര്യം, സുപ്രസന്നത, സന്തോ
ഷം, എങ്ങും ഒരു നവജീവൻ, ജീവിതം മ
ധുരം, മംഗളം.

## Our Exchange Magazines

### 20th March, 1939, to 20th August, 1939.

1. The Loyola College Magazine, Madras.
2. St. Thomas College, Trichur.
3. The National College Magazine, Trichinopoly.
4. The Old College Magazine, Trivandrum.
5. Madras Christian College Magazine, Madras.
6. The Andhra Christian College Magazine.
7. The Government College, Miscellany, Mangalore.
8. The Pudukottai College Magazine, Pudukottai.
9. The Lucknow College Magazine, Lucknow.
10. The Theological College Magazine, Bangalore.
11. The American College Magazine, Madura.
12. The Students' Chronicle, & Serampore College Magazine, Serampore.
13. The Excelsior, St. Berchman's College Magazine, Changanacherry.
14. St. John's College Magazine, Agra.
15. Malasia Message, Serampore.
16. The Zamorin's College Magazine, Calicut.
17. Indian Literary Review, Madras.
18. Macmillan's Review.

24th Aug., 1939.

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye.